
# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 69 Issue No. 06 June 2026 Rs. 15/-





ജൂൺ 13–ാം തീയതി

നാമഹേതുകത്തിരുനാൾ

ആഘോഷിക്കുന്ന

# മാർ
# ആന്റണി കരിയിൽ
# പിതാവിന്

എറണാകുളം – അങ്കമാലി

അതിരൂപതയുടെ

പ്രാർത്ഥനാശംസകൾ!!!



# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 69 Issue No. 6 June 2026 Rs. 15/-

## വിഷയസൂചിക

4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സർക്കുലർ: 2/2026

8. കച്ചേരിക്കാര്യം

9. AICO (Archdiocesan Institutions' Central Office)

11. നിര്യാതരായി

15. വാർത്തകളും വിശേഷങ്ങളും

23. വിശ്വാസപരിശീലന കേന്ദ്രം

26. ഫാമിലി അപ്പോസ്റ്റലേറ്റ്

28. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

31. നൈപുണ്യ ഇന്റർനാഷണൽ

32. സുബോധന, അങ്കമാലി

34. ബൈബിൾ അപ്പോസ്റ്റലേറ്റ്

36. ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

37. അതിരൂപതാ ഡയറി

**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| Msgr. Manikanamparambil George, Udayamperoor | 1924 | 1950 | 2-6-1994 |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Puthenkudy Joseph, Aimury | 1935 | 1966 | 6-6-2023 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| Mar Sebastian Mankuzhikary, Thannirmukom | 1929 | 1955 | 11-6-1994 |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Sankoorikal Sebastian, Narakkal | 1935 | 1961 | 16-6-2021 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Payyappilly George, Akaparambu | 1936 | 1961 | 21-6-2023 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John, Chethicode | 1900 | 1930 | 26-6-1988 |

**സർക്കുലർ: 2/2026**

# വിശ്വാസപരിശീലന വർഷാരംഭം

ഈശോയിൽ പ്രിയപ്പെട്ടവരേ,

2026-27 അദ്ധ്യയനവർഷം ആരംഭിക്കുകയാണല്ലോ. പുത്തൻ പ്രതീക്ഷകളുമായി വിദ്യാലയങ്ങളിലേയ്ക്ക് യാത്രയാവുന്ന എല്ലാ കുഞ്ഞുങ്ങൾക്കും പ്രാർത്ഥനാശംസകളും നന്മകളും നേരുന്നു. ഇതോടനുബന്ധമായി ജൂൺ 7 ഞായറാഴ്ച നമ്മുടെ അതിരൂപതയിലെ 298 പള്ളികളിൽ വിശ്വാസപരിശീലനക്ലാസ്സുകൾക്കും ആരംഭം കുറിക്കുകയാണ്.

'ഞാൻ ഈശോയുടെ നിരീക്ഷണത്തിലാണ്' (I am under the surveillance of Jesus) എന്ന ആപ്തവാക്യമാണ് അതിരൂപതാ മതബോധനകേന്ദ്രം പുതിയ അദ്ധ്യയന വർഷത്തിന്റെ വിചിന്തനവിഷയമായി നൽകിയിരിക്കുന്നത്. "കർത്താവു സ്വർഗത്തിൽനിന്നു താഴേക്കു നോക്കുന്നു; അവിടുന്ന് എല്ലാ മനുഷ്യരെയും കാണുന്നു" (സങ്കീർത്തനങ്ങൾ 33:13) എന്ന സങ്കീർത്തക വചനത്തെ ആസ്പദമാക്കിയാണ് ആപ്തവാക്യം നൽകിയിരിക്കുന്നത്. 2026-2027 അദ്ധ്യയന വർഷം Digital Wellness Year-ആയി അതിരൂപത ആചരിക്കുകയാണ്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിപ്രസരം നമ്മുടെ കുട്ടികളുടെ ആത്മീയവും മാനസികവുമായ വളർച്ചയ്ക്ക് വെല്ലുവിളിയാകുന്ന ഈ കാലഘട്ടത്തിൽ, ഡിജിറ്റൽ ലോകത്ത് ക്രിസ്തുവിനൊപ്പം നടക്കാൻ എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസപരിശീലനവിഭാഗം ഇടവകതലത്തിലും അതിരൂപതാ തലത്തിലും കുട്ടികൾ വ്യക്തിപരമായും, മാതാപിതാക്കളുമായി ഒരുമിച്ച് കുടുംബമായും ചെയ്യേണ്ട ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്മാർട്ട് ഫോൺ അഡിക്ഷൻ, സൈബർ ചതിക്കുഴികൾ, ഏകാന്തത എന്നിവയിൽ നിന്ന് നമ്മുടെ ഇളംതലമുറയെ രക്ഷിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കേവലം നിയന്ത്രണങ്ങൾക്കപ്പുറം, സാങ്കേതികവിദ്യയെ വിശുദ്ധിയോടെ കൈകാര്യം ചെയ്യാനും ക്രിസ്തീയ മൂല്യങ്ങൾ ഡിജിറ്റൽ ലോകത്ത് പ്രായോഗികമാക്കാനും ഈ കർമ്മ പദ്ധതി വഴി കുട്ടികളെ നാം പ്രാപ്തരാക്കുന്നു. വിശുദ്ധ കാർലോ അക്കുത്തിസിനെ അനുകരിച്ച് സ്ക്രീനിലെ മായക്കാഴ്ചകളിൽനിന്ന് ഹൃദയ ബന്ധങ്ങളിലേക്കും ദൈവാനുഭവത്തിലേക്കും കുട്ടികളെ നയിക്കുന്ന ഈ പ്രയാണം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമൂഹത്തിലും പുതിയൊരു ആത്മീയ ഉണർവ്വിന് വഴിതെളിക്കണം.

വിവരസാങ്കേതിക വിദ്യയുടെ അതിപ്രസരം നിറഞ്ഞ ഒരു ലോകത്താണ് നാം ജീവിക്കുന്നതെങ്കിലും ഈശോയുടെ നിരീക്ഷണത്തിൽ നിന്നോ ദൃഷ്ടിയിൽ നിന്നോ നാം അകലെയല്ല. അവിടുത്തെ പക്കൽ നിന്ന് ഓടിയൊളിക്കുവാൻ സാധ്യവുമല്ല.ഈ ഇന്റർനെറ്റ് യുഗത്തിൽ നമ്മുടെ കുട്ടികൾ ഗാഡ്ജെറ്റുകളെ വിവേകത്തോടെ കൈകാര്യം ചെയ്ത്, ശ്രദ്ധയോടെ പഠിച്ച്, വിശുദ്ധിയോടെ

ജീവിക്കണം. അവർ ഈശോയോടൊത്ത് വളരുകയും നവമാധ്യമങ്ങളിലൂടെ ഈശോയ്ക്ക് സാക്ഷികളാവുകയും വേണം. Digital Wellness-നെ ലക്ഷ്യമാക്കി ഈ അദ്ധ്യയന വർഷം നാം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും അനുഗ്രഹപ്രദമാകട്ടെ എന്ന് ആശംസിക്കുന്നു.

ഈശോ തന്റെ സഭയ്ക്കു നൽകിയ ദൗത്യമാണ് "നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28:19-20). സഭാപിതാവായ വി. ജോൺ ക്രിസോസ്തോം ഈ വചനഭാഗത്തെ വ്യാഖ്യാനിക്കുന്നത്: 'മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളെ മാമ്മോദീസാ തൊട്ടിയിൽ തന്നെ ഉപേക്ഷിക്കരുതെന്നും സത്യത്തിന്റെ പൂർണതയായ ഈശോമിശിഹായുടെ പക്കൽ അവർ എത്തിച്ചേരുന്നതുവരെ ചിട്ടയായി പരിശീലിപ്പിക്കണമെന്നുമാണ് ഈശോ നമ്മളോട് കല്പിക്കുന്നത്' എന്നാണ് (മതബോധന പ്രസംഗം, 90). ഈശോയുടെ ഈ കല്പന പാലിച്ചുകൊണ്ട് നമ്മുടെ ഇടവകകളിൽ വിശ്വാസപരിശീലനത്തിന് ചിട്ടയായ നേതൃത്വം കൊടുക്കുന്ന വികാരിയച്ചന്മാരേയും 5300-ഓളം വരുന്ന സന്യസ്തരും വൈദികവിദ്യാർത്ഥികളും അല്മായരുമടങ്ങുന്ന വിശ്വാസപരിശീലകരേയും ഞാൻ നന്ദിയോടെ ഓർമ്മിക്കുന്നു.

**പ്രിയ മാതാപിതാക്കളേ,**

പൂർവികരിൽനിന്നും നമുക്ക് ലഭിച്ച വിശ്വാസം കുട്ടികൾക്ക് കൈമാറാനുള്ള വലിയ ഉത്തരവാദിത്തം നമുക്കുണ്ട്. കുടുംബങ്ങളിലാണ് ഈ വിശ്വാസപരിശീലനം ആദ്യം ആരംഭിക്കേണ്ടത്. കുടുംബത്തെ ഗാർഹികസഭയെന്നും (L.G. 11) ഉത്കൃഷ്ടമായ മനുഷ്യത്വത്തിന്റെ വിദ്യാലയമെന്നുമാണ് (G.S. 52) രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. "മാതാപിതാക്കളാണ് മക്കളുടെ പ്രഥമ അദ്ധ്യാപകരും പ്രധാനാദ്ധ്യാപകരും" (മതബോധനഗ്രന്ഥം,1653). മക്കളുടെ ആത്മരക്ഷയാണ് മാതാപിതാക്കളുടെ പ്രഥമ കടമയെന്ന് വിശുദ്ധ അൽഫോൻസ് ലിഗോരി പഠിപ്പിക്കുന്നു. മാതാപിതാക്കൾ സ്നേഹപൂർവം കുട്ടികൾക്ക് വിശ്വാസം കൈമാറിയാൽ ജീവിതാന്ത്യംവരെ അവർ സ്നേഹത്തോടെ ആ വിശ്വാസം ഹൃദയത്തിൽ സൂക്ഷിക്കും. വിശുദ്ധ മദർ തെരേസ സാക്ഷ്യപ്പെടുത്തുന്നു: "ഒരു ദിവസം പോലും കുടുംബത്തിൽ ഞങ്ങൾ ജപമാല മുടക്കുകയില്ലായിരുന്നു. പ്രാർത്ഥനയ്ക്കവസാനം സ്തുതിചൊല്ലി അമ്മ ഞങ്ങളോടു പറയും: സ്നേഹമുള്ള കുടുംബം സ്വർഗ്ഗമാണ്." കുട്ടികളോടൊപ്പം കുടുംബപ്രാർത്ഥന സജീവമായി നടത്താനും മുടങ്ങിപ്പോകാതിരിക്കാനും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം. "ഒന്നിച്ചുപ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കും." അദ്ധ്യയന വർഷത്തിന്റെ ഭാഗമായി നാം നടപ്പാക്കുന്ന 'ഫാമിലി കാറ്റക്കീസം- പഠനസഹായി' വർക്ക്ബുക്ക് വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

**സ്നേഹമുള്ള കുട്ടികളേ,**

നിങ്ങളുടെ വിശ്വാസപരിശീലനത്തിന്റെ ഈ പുതിയ അധ്യയനവർഷത്തിലേക്ക് ഏവർക്കും ഹൃദയം നിറഞ്ഞ ആശംസകൾ! നിങ്ങളുടെ വിശ്വാസപരിശീലന ക്ലാസ്സുകളെ കേവലം ഒരു പരീക്ഷയ്ക്കായുള്ള പഠനമായി കാണാതെ, ദൈവത്തെ കൂടുതൽ അടുത്തറിയാനും അവിടുത്തെ സ്നേഹം സ്വന്തമാക്കാനുമുള്ള അവസരമായി കാണണം. സഭയുടെ പ്രബോധനങ്ങളിൽ അധിഷ്ഠിതമായ ക്രൈസ്തവ മൂല്യങ്ങൾ നിങ്ങളുടെ വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കുമ്പോഴാണ് നിങ്ങൾ ഈശോയുടെ യഥാർത്ഥ സാക്ഷികളായി മാറുന്നത്. മാതാപിതാക്കളെ ആദരിക്കാനും, മുതിർന്നവരെ ബഹുമാനിക്കാനും, ചുറ്റുമുള്ളവരെ സ്നേഹത്തോടെയും കരുണയോടെയും പരിഗണിക്കാനും വിശുദ്ധഗ്രന്ഥവും സഭയും നമ്മെ പഠിപ്പിക്കുന്നു. നിങ്ങളുടെ ഈ പ്രായത്തിൽ കാറ്റിക്കിസം ക്ലാസുകളിലൂടെ നേടുന്ന ആത്മീയ അറിവുകൾ, നാളത്തെ ലോകത്തിൽ സന്മാർഗികളും ഉത്തമ പൗരന്മാരുമായി വളരാൻ നിങ്ങളെ പ്രാപ്തരാക്കും. വചനം ഹൃദയത്തിൽ സ്വീകരിച്ച് ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരരായി വളരുവാൻ ഈ പുതിയ അധ്യയനവർഷം നിങ്ങൾക്ക് അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്ക് വിശ്വാസസത്യങ്ങളേയും, ദൈവശാസ്ത്ര വിഷയങ്ങളേയും, സഭാ വിജ്ഞാനീയത്തേയും, ധാർമ്മിക-ആനുകാലിക വിഷയങ്ങളേയും പറ്റി കൂടുതൽ അറിയുവാനും പഠിക്കുവാനും എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന വിഭാഗം ഈ വർഷം മുതൽ ആരംഭിക്കുന്ന വിശ്വാസപരിശീലന പ്രോഗ്രാമാണ് DIDACHE. ഈ പ്രോഗ്രാമിൽ പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞ കുട്ടികളെ പങ്കെടുപ്പിക്കുവാൻ മാതാപിതാക്കളും വികാരിയച്ചന്മാരും പ്രോത്സാഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളേയും അവരുടെ മാതാപിതാക്കളേയും പിതാവിന്റെയും✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝നാമത്തിൽ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം,

**✝മാർ ജോസഫ് പാംപ്ലാനി**
*എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചുബിഷപ്പിന്റെ വികാരി*

..................................

*NB:* ഈ സർക്കുലർ 2026 ജൂൺ 7-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

## 1) വൈദികരുടെ വാർഷിക ധ്യാനം

**ധ്യാന തീയതികൾ**

June 21 Sunday - 26 Friday : Fr. Vincent Variath
July 05 Sunday - 10 Friday : Fr. Joy Painadath
July 12 Sunday - 17 Friday : Archbishop Prince Panengadan
Aug 16 Sunday - 21 Friday : Fr. Mariadas OIC *[Onam Batch]*

- **കൂടുതൽ വിവരങ്ങൾക്ക് *എറണാകുളം മിസ്സം*, മെയ് 2026, പേജ് 10-16 കാണുക.**

## 2) അതിരൂപതാദിനം - ജൂൺ 12 വെള്ളിയാഴ്ച

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. തിരുഹൃദയതിരുനാൾ ദിനമാണ് നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെപ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കേണ്ട ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

അന്നേദിവസം നമ്മുടെ പള്ളികളിൽ തിരുഹൃദയസ്തുതിക്കായി വിശുദ്ധ കുർബാന അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധനയും തിരുഹൃദയപ്രതിഷ്ഠയും നടത്തുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി തിരുഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്.

## 3) Transfers/Appointments of Priests

**March 2026**

| | |
|---|---|
| Manikathan George | Karukunnu - Priest-in-charge |

**April 2026**

| | |
|---|---|
| Arampilly Paul (Jismon) | Philippines - Study |
| Enchakattumannil Mathew (Jessab) | Medical leave |
| Kozhikkadan Joseph | Konoor - Priest-in-charge |
| Palatty Varghese (Jr.) | Medical Leave |
| Nangelimalil Thomas | Chakkaraparambu - Priest-in-charge |
| Thettayil Jacob (Jeslin) | Elavoor (St. Mary) |

**May 2026**

| | |
|---|---|
| Chirackal Johny CMI | Karukutty (Monastery) |
| Chirepadickal Jaison CMI | Manappuram |
| Karikunnel Josepaul (Albin) | Mookkannoor - Asst. |
| Kiliyelkudy Paul (Anil) | University Centre - Priest-in-charge |
| Kodiyamkunnel John VC | Thottakom |
| Kunthara James CMI | Neeleeswaram |
| Pozholiparambil Jacob (Jeff) | Karimugal, Ambalamedu |
| Puthussery James CMI | Kottarappilly |
| Tharayil Thomas | West Koratty |
| Vadakkumchery Nivin CMI | Karukutty (Monastery) - Asst. |

**ഫാ. തോമസ് (ജിമ്മി) പൂച്ചക്കാട്ട്**
**പ്രൊ പ്രോട്ടോസിഞ്ചെല്ലൂസ്**

# AICO
## (Archdiocesan Institutions' Central Office)

### മുൻകൂട്ടി നിശ്ചയിട്ടുള്ള ബഡ്ജറ്റ് ബോർഡ് മീറ്റിങ്ങുകൾ

| | |
|---|---|
| ജൂൺ 5 | സഹൃദയ വെസ്കോ ക്രെഡിറ്റ് |
| ജൂൺ 9 | 1. സഹൃദയ ടെക് |
| | 2. സഹൃദയ എക്കോ ഗ്രീൻ |
| | 3. സഹൃദയ സർവ്വീസസ് |
| ജൂൺ 11 | വെൽഫെയർ സർവ്വീസസ് എറണാകുളം |
| ജൂൺ 16 | സോഷ്യൽ വെൽഫെയർ സെന്റർ, കളമശ്ശേരി |
| ജൂൺ 19 | നൈപുണ്യ ഇന്റർനാഷണൽ, എറണാകുളം |

## മെയ് മാസത്തിൽ നടത്തിയ ബോർഡ് മീറ്റിങ്ങുകൾ

| | |
|---|---|
| മെയ് 4 | മാതാ നഗർ പബ്ലിക് സ്കൂൾ, കടവന്ത്ര |
| മെയ് 6 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മെയ് 13 | മാർ ലൂയിസ് ബുക്ക് സെന്റർ |
| മെയ് 15 | നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| മെയ് 18 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| മെയ് 22 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

## സൈറ്റ് വിസിറ്റുകൾ

മെയ് 7 ആലുവ ഷോപ്പിംഗ് കോംപ്ലക്സ് - കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പരിശോധന, പുരോഗതി വിലയിരുത്തൽ

മെയ് 8 പെരുമ്പാവൂർ മേരി ഇമ്മാക്കുലേറ്റ് പള്ളിയുടെ ഷോപ്പിംഗ് കോംപ്ലക്സ് അറ്റകുറ്റപ്പണികൾക്കായി കച്ചേരിയിൽ സമർപ്പിച്ച അപേക്ഷയിന്മേൽ പ്രസ്തുത സൈറ്റ് സന്ദർശിച്ചു.

മെയ് 14
1. എടക്കുന്ന് പ്രീസ്റ്റ് ഹോം - ലിഫ്റ്റ് (elevator) സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള മരാമത്തുപണികൾ വിലയിരുത്തുന്നതിന്.
2. അങ്കമാലി സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ - നിലവിൽ നടന്നുകൊണ്ടിരിക്കുന്ന മരാമത്തുപണികൾ വിലയിരുത്തുന്നതിനായുള്ള സന്ദർശനം.

മെയ് 22
1. തൃക്കാക്കര ഗുരുകുലം - പുതിയ ലൈബ്രറിയുടെ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സന്ദർശനം നടത്തി.
2. തൃക്കാക്കര വിജോ ഭവൻ - നിലവിലുള്ള മുറികൾ വേർതിരിക്കുവാൻവേണ്ട മരാമത്തുപണികളുടെ വിലയിരുത്തൽ നടത്തി.
3. നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി - സ്കൂൾ ബിൽഡിംഗ് പ്രൊജക്റ്റ്, Courtyard റൂഫിങ്, അറ്റകുറ്റപ്പണികൾ എന്നിവയുടെ വിലയിരുത്തൽ നടത്തി.

## കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ്

മെയ് 14 എറണാകുളം ലിസി ഹോസ്പിറ്റൽ - കാന്റീൻ കെട്ടിടത്തിന്റെ അടുത്തുള്ള പാത നവീകരണം, എമർജൻസി ഡിപ്പാർട്ടുമെന്റിന് മുൻവശത്തുള്ള area നവീകരണം എന്നിവ സംബന്ധിച്ച്.

മെയ് 18
1. അങ്കമാലി ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ - LED Wall സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ അന്തിമമാക്കുന്നതിന്.
2. എൽ.എഫ്. സൗരഭ്യ - Phase 'O' മരാമത്തുപണികളുടെ വിലയിരുത്തൽ.

മെയ് 21 വെൽഫെയർ സർവ്വീസസ് എറണാകുളം - Early Intervention Centre -ന്റെ Pile Load Test നെക്കുറിച്ച് തീരുമാനമെടുക്കുന്നതിനും കോൺട്രാക്ടറുടെ പക്കൽ നിന്നും Time Progress Chart ലഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും വേണ്ടി.

**ഫാ. ആന്റോ ചേരാംതുരുത്തി**
**സിഞ്ചെല്ലൂസ് & AICO ഡയറക്ടർ**

# നിര്യാതരായി



## ഫാ. ജോർജ് നെല്ലിശ്ശേരി

ജനനം : 10/10/1952
തിരുപ്പട്ടം : 10/03/1978
മരണം : 15/05/2026



ബഹുമാനപ്പെട്ട ജോർജ് നെല്ലിശ്ശേരി അച്ചൻ 1952 ഒക്ടോബർ 10-ാം തീയതി എളവൂർ പരേതനായ നെല്ലിശ്ശേരി പൗലോസ് റോസ ദമ്പതികളുടെ 9 മക്കളിൽ ഒരാളായി ജനിച്ചു. ജോസ്, മേരി, ദേവസ്സി, പൗലോസ്, ആന്റണി, തോമസ്, ടോമി, ഷൈനി എന്നിവർ സഹോദരങ്ങളാണ്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അതിരൂപതാ മൈനർ സെമിനാരിയിൽ ചേരുകയും തുടർന്ന് വടവാതൂർ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവ ശാസ്ത്രവും പഠിച്ച് വൈദിക പരിശീലനം പൂർത്തിയാക്കുകയും ചെയ്തു. 1978 ൽ കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ചേർത്തല മുട്ടം പള്ളിയിലും കാഞ്ഞൂർ പള്ളിയിലും സഹവികാരി യായും നാലുകെട്ട്, തുണ്ടത്തുംകടവ്, വരാപ്പുഴ, പുതിയകാവ്, ചക്കരപ്പറമ്പ്, കടവന്ത്ര, അന്നനാട്, കാക്കനാട്, പുത്തൻപള്ളി, പാലാരിവട്ടം, അകപ്പറമ്പ്, ചുണങ്ങംവേലി, ഫോർട്ട് കൊച്ചി എന്നിവിടങ്ങളിൽ വികാരിയായും അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. സാമൂഹികശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ജേർണലിസത്തിലും വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും ബിരുദാനന്തര ബിരുദം നേടിയ അച്ചൻ *സത്യദീപ*ത്തിന്റെ അസോസിയേറ്റ് എഡിറ്റർ ആയും, പാലാരിവട്ടം പി.ഒ.സി. യിൽ PTI സ്റ്റഡീസിന്റെ പ്രീഫെക്റ്റ് ആയും, മലബാർ മെയിലിന്റെ എഡിറ്ററായും, ജീവൻ ടിവി ന്യൂസ് എഡിറ്ററായും, മംഗലപ്പുഴ സെമിനാരിയിൽ വിസിറ്റിംഗ് പ്രൊഫസറായും, അക്ഷരശ്രീ മാധ്യമ ഭവൻ മാനേജിംഗ് ഡയറക്ടറായും, ഏകം മീഡിയ ഡയറക്ടറായും ശുശ്രൂഷ ചെയ്തിട്ടുണ്ട്. കൂടാതെ അമേരിക്കയിലും അച്ചൻ അജപാലന ശുശ്രൂഷ നടത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റി സെന്റർ സെന്റ് ജോൺസ് പള്ളിയിൽ ശുശ്രൂഷ ചെയ്തിരുന്ന അച്ചനെ 2026 മെയ് 15-ാം തീയതി ശാരീരിക അസ്വസ്ഥതകളെ തുടർന്ന് എറണാകുളം ലിസി ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. രാത്രിയിലുണ്ടായ

ഹൃദയാഘാതത്തെ തുടർന്ന് അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

അച്ചന്റെ മൃതശരീരം 2026 മെയ് 19-ാം തീയതി രാവിലെ 6.30 മുതൽ അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന യൂണിവേഴ്സിറ്റി സെന്റർ സെന്റ് ജോൺസ് പള്ളിയിൽ പൊതുദർശനത്തിന് വച്ചു. അതിനുശേഷം 9.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ അച്ചന്റെ സഹോദരൻ ശ്രീ. ടോമിയുടെ ഭവനത്തിലും തുടർന്ന്, എളവൂർ സെന്റ് ആന്റണീസ് പള്ളിയിലും അച്ചന്റെ മൃതശരീരം പൊതുദർശനത്തിന് വച്ചു. ഉച്ചയ്ക്ക് 2.30ന് മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ആരംഭിച്ചു. വികാരി ജനറൽ പെരിയ ബഹുമാനപ്പെട്ട ജോസ് പുതിയേടത്ത് അച്ചൻ മുഖ്യകാർമ്മികനായിരുന്നു. കുടുംബാംഗമായ ബഹുമാനപ്പെട്ട മാത്യു കിലുക്കൻ അച്ചനും ഇടവകാംഗങ്ങളായ ബഹുമാനപ്പെട്ട മാത്യു മണവാളൻ, ജോയ് ചക്യത്ത്, ജോസഫ് കല്ലറയ്ക്കൽ എന്നീ അച്ചന്മാരും സഹകാർമ്മികരായിരുന്നു.

വിശുദ്ധഗ്രന്ഥ വായനക്കുശേഷം ഇടവകാംഗമായ ജോയ് ചക്യത്തച്ചൻ, ജോർജ് അച്ചനെ സുവിശേഷ ഗ്രന്ഥം മുത്തിച്ചു. കുടുംബാംഗമായ ബഹുമാനപ്പെട്ട മാത്യു കിലുക്കനച്ചൻ സുവിശേഷ സന്ദേശം നൽകി. ജോർജ് അച്ചന്റെ വിയോഗം അപ്രതീക്ഷിതമായിരുന്നെന്നും അച്ചന്റെ വിയോഗത്തിൽ ദുഃഖാർത്ഥരായ കുടുംബാംഗങ്ങൾക്ക് അനുശോചനം അറിയിച്ചുകൊണ്ടുമാണ് മാത്യു അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. തന്റെ ദൈവവിളിയിലും സെമിനാരിയിൽ ചേരുന്നതിലും ജോർജച്ചന്റെ പിന്തുണ ഉണ്ടായിരുന്നു എന്ന് മാത്യു അച്ചൻ അനുസ്മരിച്ചു. തന്റെ പൗരോഹിത്യത്തിന്റെ ആദ്യനാളുകളിൽ അജപാലന ശുശ്രൂഷയ്ക്ക് ആവശ്യമായ ഉപദേശങ്ങൾ ജോർജച്ചൻ നൽകിയിരുന്നു. എപ്പോഴും കർമ്മനിരതനായിരുന്ന വൈദികൻ ആയിരുന്നു ജോർജച്ചൻ. ആശയങ്ങളുടെ കാര്യത്തിൽ തന്നെത്തന്നെ എപ്പോഴും പുതുക്കികൊണ്ടിരുന്ന ഒരു വ്യക്തിയാണ് അച്ചൻ. ബൗദ്ധിക സാംസ്കാരിക കാഴ്ചപ്പാടുകളിൽ ആഴമായ ബോധ്യവും നിലപാടുകളും ജോർജച്ചന് ഉണ്ടായിരുന്നു. അച്ചൻ തന്റെ പൗരോഹിത്യശുശ്രൂഷയിൽ വളരെ തീക്ഷ്ണമതിയും കൃത്യമായ ബോധ്യവുമുള്ള വ്യക്തിയായിരുന്നു. ക്രിസ്തു ശിഷ്യൻ എല്ലാവരുടെയും അഭയ സങ്കേതം ആയിരിക്കണം. ഈയൊരു ബോധ്യം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ അച്ചൻ ശ്രദ്ധിച്ചിരുന്നു. ഓരോ പുരോഹിതനും സ്വർഗ്ഗത്തിലേക്കുള്ള വാതിലായി തീരേണ്ടവനാണ്. ജോർജച്ചനും തന്റെ ജീവിതത്തിൽ അനേകർക്ക് സ്വർഗ്ഗത്തിലേക്കുള്ള വാതിൽ ആയിരുന്നു.

മൃതസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗത്ത് മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് കാർമികത്വം വഹിച്ചു. അഭിവന്ദ്യ തോമസ്

ചക്യത്ത് പിതാവ് സഹകാർമികനായിരുന്നു. അജപാലന ശുശ്രൂഷയിൽ ജോർജച്ചൻ നടത്തിയ അദ്ധ്വാനത്തെയും സ്വീകരിച്ച ക്ലേശങ്ങളെയും അഭിവന്ദ്യ റാഫേൽ പിതാവ് നന്ദിയോടെ സ്മരിച്ചു. പ്രിയപ്പെട്ട ജോർജ് നെല്ലിശ്ശേരി അച്ചാ, അങ്ങ് നൽകിയ സ്നേഹത്തിനും ലളിതമായ ജീവിതമാതൃകയ്ക്കും മുൻപിൽ എറണാകുളം-അങ്കമാലി അതിരൂപതയുടെ പ്രണാമം!

---



**റവ. സിസ്റ്റർ ലേത്തൂസ് CSN**
(സെന്റ് ജോസഫ് പ്രൊവിൻസ്, അങ്കമാലി)

- ജനനം: 21/05/1949
- വ്രതവാഗ്ദാനം: 31/05/1971
- മരണം: 18/05/2026

---



**റവ. സിസ്റ്റർ സിൽവിൻ CHF**
(ജീവോദയ പ്രൊവിൻസ്, ആലുവ)

- ജനനം: 06/07/1943
- വ്രതവാഗ്ദാനം: 29/04/1971
- മരണം: 09/05/2026

---



**റവ. സിസ്റ്റർ ജീൻ മേയ്ക്കാട്ടുകുളം SD**
(സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി)

- ജനനം: 26/10/1932
- വ്രതവാഗ്ദാനം: 06/01/1953
- മരണം: 12/05/2026

---



**റവ. സിസ്റ്റർ മോഡസ്റ്റ കുളങ്ങര SD**
(സെന്റ് മേരീസ് പ്രൊവിൻസ്, ചുണങ്ങംവേലി)

- ജനനം: 22/08/1935
- വ്രതവാഗ്ദാനം: 06/01/1959
- മരണം: 06/05/2026

എറണാകുളം മിസ്സം



## റവ. സിസ്റ്റർ ട്രീസ റോസ് FCC

(എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം)

- ജനനം: 15/08/1953
- വ്രതവാഗ്ദാനം: 08/04/1985
- മരണം: 08/05/2026



## റവ. സിസ്റ്റർ ജസ്റ്റിൻ FCC

(എസ്.എച്ച്. പ്രൊവിൻസ്, എറണാകുളം)

- ജനനം: 17/03/1943
- വ്രതവാഗ്ദാനം: 04/05/1966
- മരണം: 16/04/2026

## പൂർണ്ണദണ്ഡവിമോചനം

എസ്.ഡി. സന്യാസസമൂഹത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ആലുവ തോട്ടുമുഖത്തുള്ള എസ്.ഡി. ജനറലേറ്റ് ചാപ്പലിനും, ചുണങ്ങംവേലി എസ്.ഡി. മദർ ഹൗസ് ചാപ്പലിനും പൂർണദണ്ഡവിമോചനത്തിനുള്ള അവസരം **-2026 മാർച്ച് 19 മുതൽ 2027 മാർച്ച് 19 വരെ-** അനുവദിച്ചുകൊണ്ടുള്ള ഡിക്രി പരിശുദ്ധ പിതാവ് പുറ്റപ്പെടുവിച്ചു. ദൈവത്തിന്റെ അതിരില്ലാത്ത കരുണയിൽ നിന്നും സഭയുടെ സ്വർഗീയനിധികളിൽ നിന്നും ലഭിക്കുന്ന പൂർണ്ണദണ്ഡവിമോചനം, സാധാരണ നിബന്ധനകൾക്കു കീഴിൽ (കുമ്പസാരം, വിശുദ്ധ കുർബാനസ്വീകരണം, പരിശുദ്ധപിതാവിന്റെ നിയോഗങ്ങൾക്കായി പ്രാർത്ഥന) ശരിയായ പശ്ചാത്താപം ഉള്ളവരും ഉപവിയാൽ നയിക്കപ്പെടുന്നവരുമായ എല്ലാ ക്രിസ്തീയ വിശ്വാസികൾക്കും ഈ അനുഗ്രഹം പ്രാപിക്കാവുന്നതാണ്. ഈ ദണ്ഡവിമോചനം ശുദ്ധീകരണസ്ഥലത്തുള്ള വിശ്വാസികളുടെ ആത്മാക്കൾക്കായി സമർപ്പിക്കാനും സാധിക്കുന്നതാണ്. അതിനാൽ, ദൈവം നമുക്കായി അനുവദിച്ചുതരുന്ന ഈ അനുഗ്രഹം നന്ദിയോടെ, സന്തോഷത്തോടെ നമുക്ക് സ്വീകരിക്കാം.

*New Office Bearers*

## Order of Friars Minor Capuchins (OFM Cap.)

### St. Thomas Capuchin Province, Aluva

| | |
|---|---|
| Provincial Minister | : Fr. Jaison Kalan |
| Vicar Provincial | : Fr. Jaison Vadakkan |
| Councillors | : Fr. Wilson Kodungookkaran |
| | : Fr. Nirmal Vezhaparambil |
| | : Fr. Antony Maniparambil |

## Sisters of Nazareth (CSN)

### St. Joseph's Province, Angamaly

| | |
|---|---|
| Provincial Superior | : Sr. Ashly CSN |
| Provincial Councillors | : Sr. Pushpa CSN |
| | : Sr. Anitha CSN |
| | : Sr. Rani CSN |
| | : Sr. Resmi CSN |
| | : Sr. Jophy Maria CSN |

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സാരഥികൾക്ക്
അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു!

# വാർത്തകളും വിശേഷങ്ങളും

### നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട അന്തർ ഡികാസ്റ്ററി കമ്മീഷന് അംഗീകാരം നൽകി ലിയോ പതിനാലാമൻ പാപ്പാ

നിർമ്മിതബുദ്ധി (AI) മനുഷ്യന്റെ സമഗ്രവികസനത്തെയും അന്തസ്സിനെയും എങ്ങനെ ബാധിക്കുന്നു എന്ന് വിലയിരുത്തുന്നതിനായി വത്തിക്കാനിലെ വിവിധ ഡികാസ്റ്ററികളുടെ (വകുപ്പുകളുടെ) സഹകരണത്തോടെ രൂപീകരിച്ച 'അന്തർ ഡികാസ്റ്ററി കമ്മീഷന്' ലിയോ പതിനാലാമൻ പാപ്പാ അംഗീകാരം നൽകി. സമഗ്രമാനവികവികസനത്തിനായുള്ള ഡികാസ്റ്ററി അദ്ധ്യക്ഷൻ കർദ്ദിനാൾ മൈക്കിൾ ചേർനി മെയ് 12-ന് ഒപ്പിട്ട ഉത്തരവ് വഴിയാണ് കമ്മീഷൻ

സ്ഥാപിതമായത്. വിശ്വാസം, സംസ്കാരം, വിദ്യാഭ്യാസം, ആശയവിനിമയം, ശാസ്ത്രം തുടങ്ങിയ മേഖലകളിലെ വത്തിക്കാൻ വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഈ കമ്മീഷൻ, പരിശുദ്ധ സിംഹാസനത്തിനുകീഴിൽ നിർമ്മിതബുദ്ധിയുടെ ഉപയോഗവും അതുമായി ബന്ധപ്പെട്ട നയങ്ങളും പരസ്പര സഹകരണത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ ലക്ഷ്യമിടുന്നു. നിലവിലെ തീരുമാനപ്രകാരം, കമ്മീഷന്റെ ആദ്യ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് സമഗ്രമാനവികവികസനത്തിന് വേണ്ടിയുള്ള ഡികാസ്റ്ററിയായിരിക്കും.

## സ്വവർഗ്ഗവിവാഹിതരുടെ ആശീർവാദം ഉൾപ്പെടുത്തി ജർമ്മൻ മെത്രാൻസമിതി പുറത്തിറക്കിയ പുസ്തകത്തിന് അംഗീകാരമില്ല

സ്വവർഗ്ഗവിവാഹിതർക്ക് ആരാധനാക്രമപരവുമായോ അല്ലാതെയോ ഔപചാരികമായി ആശീർവാദം നൽകുന്ന പ്രാർത്ഥനകൾ ഉൾപ്പെടുത്തി ജർമ്മൻ മെത്രാൻസമിതി പുറത്തിറക്കിയ 'ആശീർവാദം സ്നേഹത്തിന് ശക്തി പകരുന്നു' എന്ന പുസ്തകത്തിന് വത്തിക്കാൻ അംഗീകാരം നിഷേധിച്ചു. കൗദാശികമായ വിവാഹത്തെക്കുറിച്ച് ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ഇത്തരം ഔപചാരിക ആശീർവാദങ്ങൾ അനുവദിക്കാനാകില്ലെന്ന, 2023 ഡിസംബറിലെ 'ഫിദൂച്യ സൂപ്ലിക്കാൻസ്' പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് വത്തിക്കാൻ നിലപാട് വ്യക്തമാക്കിയത്. പരിഷ്കരിച്ച പുസ്തകമാണ് ഇപ്പോൾ പുറത്തിറക്കിയതെങ്കിലും, സഭ വിലക്കിയ ആരാധനാക്രമ ശൈലിയിലുള്ള ആശീർവാദ രീതികൾ ഇതിൽ തുടരുന്നതിനാൽ മുൻപ് നൽകിയ നിഷേധാത്മക മറുപടിയിൽ മാറ്റമില്ലെന്ന് വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററി അദ്ധ്യക്ഷൻ കർദ്ദിനാൾ ഫെർണാണ്ടസും, സ്വവർഗ്ഗവിവാഹങ്ങളെ ഔദ്യോഗികമായി അനുഗ്രഹിക്കുന്നതിനെ സഭ അംഗീകരിക്കുന്നില്ലെന്ന് ലിയോ പതിനാലാമൻ പാപ്പായും സ്ഥിരീകരിച്ചു.

## ഡോ. വിജയ പോൾ റെഡ്ഡി വാറങ്കൽ രൂപതയുടെ പുതിയ ഇടയൻ

തെലങ്കാനയിലെ വാറങ്കൽ രൂപതയുടെ പുതിയ ബിഷപ്പായി ഡോ. വിജയ പോൾ റെഡ്ഡി ദുഗ്ഗിം പുഡിയെ ലിയോ പതിനാലാമൻ മാർപാപ്പ നിയമിച്ചു. 1965 ജനുവരി 8-ന് വാറങ്കലിലെ മനുഗോണ്ടയിൽ ജനിച്ച അദ്ദേഹം, സെന്റ് ജോൺസ് മേജർ സെമിനാരിയിൽനിന്ന് തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനവും വിവിധ സർവകലാശാലകളിൽനിന്ന് ബിരുദ, ബിരുദാനന്തര, ബി.എഡ്., എം.എഡ്. ബിരുദങ്ങളും നേടിയിട്ടുണ്ട്. 1992 ഏപ്രിൽ 2-ന് പൗരോഹിത്യം സ്വീകരിച്ച ഡോ. വിജയ പോൾ റെഡ്ഡി ഫാത്തിമ കോളജ് ഓഫ് എഡ്യൂക്കേഷൻ, ലോധി സോഷ്യൽ സർവീസ് സൊസൈറ്റി, ക്രിസ്തുജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ ഡയറക്ടറായും ചുമതലകൾ വഹിച്ചിട്ടുണ്ട്.

## സഭൈക്യത്തിലേക്ക് ചരിത്രപരമായ ചുവടുവെപ്പുമായി മെത്രാന്മാർ; ക്രൈസ്തവ സഭകളുടെ ദേശീയ ഫെഡറേഷൻ നിലവിൽ വന്നു

ഇന്ത്യയിലെ ക്രൈസ്തവ സഭകൾ നേരിടുന്ന വെല്ലുവിളികളെ സംയുക്തമായി നേരിടാനും സഭകൾക്കിടയിൽ ഐക്യം ഉറപ്പാക്കാനും ലക്ഷ്യമിട്ട് 'നാഷണൽ ഫെഡറേഷൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ' (NFCI) രൂപീകരിച്ചു. മെയ് 8-ന് ബംഗളൂരുവിൽ നടന്ന ബിഷപ്പുമാരുടെ നാലാമത് ദേശീയ എക്യുമെനിക്കൽ സംഗമത്തിലാണ്, വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽനിന്നുള്ള 45-ലധികം ബിഷപ്പുമാരുടെയും പ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഈ ചരിത്ര പരമായ പ്രഖ്യാപനമുണ്ടായത്. മതപരിവർത്തന നിരോധന നിയമങ്ങൾ, വൈദികർക്കും സഭാംഗങ്ങൾക്കും നേരെയുള്ള അതിക്രമങ്ങൾ, എഫ്.സി. ആർ.എ (FCRA) ഭേദഗതികൾ തുടങ്ങിയ പൊതുവിഷയങ്ങളിൽ ഓരോ സഭയുടെയും തനിമ നിലനിർത്തിക്കൊണ്ട് ഒന്നിച്ച് പ്രവർത്തിക്കാൻ ലക്ഷ്യ മിടുന്ന ഈ സംഘടനയുടെ ചെയർമാനായി സി.ബി.സി.ഐ (CBCI) പ്രസിഡന്റ് കർദിനാൾ ആന്റണി പൂളയെ തിരഞ്ഞെടുത്തു; ആർച്ചുബിഷപ് ജോസഫ് ഡിസൂസ, ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ് വിൻസെന്റ് വിനോദ് കുമാർ എന്നിവരാണ് ഇതിന്റെ കൺവീനർമാർ.

## പുതിയതായി കണ്ടെത്തിയ നിശാശലഭത്തിന് ലിയോ 14-ാമൻ പാപ്പയുടെ പേര്

പരിസ്ഥിതി സംരക്ഷണത്തിനായി നിരന്തരം ശബ്ദമുയർത്തുന്ന ലിയോ പതിനാലാമൻ പാപ്പയോടുള്ള ആദരസൂചകമായി, മെഡിറ്ററേനിയൻ ദ്വീപായ ക്രീറ്റിൽ നിന്ന് പുതിയതായി കണ്ടെത്തിയ നിശാശലഭത്തിന് 'പൈറാലിസ് പാപ്പാലിയോണി' (Pyralis papalioni) എന്ന് ഗവേഷകർ ശാസ്ത്രീയ നാമം നൽകി. പ്രമുഖ ഷഡ്പദ ശാസ്ത്രജ്ഞരായ പീറ്റർ ഹ്യൂമർ, ലൗറി കെയ്‌ല, ആൻഡ്രിയാസ് എച്ച് സെഗെറർ എന്നിവരടങ്ങിയ സംഘം 'നോട്ട ലെപിഡോ പ്റ്ററോളജിക്ക' എന്ന ശാസ്ത്രമാസികയിലാണ് ഈ കണ്ടെത്തൽ പ്രസിദ്ധീ കരിച്ചത്. 'പൈറാലിസ്' വിഭാഗത്തിൽപ്പെട്ട ശലഭങ്ങൾക്ക് രാജകീയമോ സഭാപരമോ ആയ പദവികളുടെ പേര് നൽകുന്ന പാരമ്പര്യം പിന്തുടർന്ന് നാമകരണം ചെയ്യപ്പെട്ട, ഏകദേശം 2 സെന്റീമീറ്റർ ചിറകളവുള്ള ഈ നിശാശലഭത്തിന് സ്വർണ്ണ നിറമുള്ള പുള്ളികളും വെള്ള വരകളുമുണ്ട്.

**2026–27 അധ്യയനവർഷം ആരംഭിക്കുമ്പോൾ എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള കോളേജുകളിൽ ലഭ്യമാകുന്ന കോഴ്സുകൾ താഴെ ചേർക്കുന്നു.**



## SPECIALISATION COURSES OFFERED FOR 2026-30 BATCH

### AIDED PROGRAMMES

**B.A. English Language & Literature**
- Cultural Studies • Literary Theory

**B.A. Malayalam**
- Media Studies • Visual Arts

**B.A. Economics**
- Mathematical Economics
- Econometrics and Data Analysis

**B.A. Journalism & Mass Communication**
- Journalism • Mass Communication

**B.Sc. Mathematics**
- Data Science • Scientific Computing

**B.Sc. Chemistry**
- Pharmaceutical Chemistry
- Materials Chemistry

**B.Sc. Physics**
- Space Physics • Materials Science
- Medical Physics

**B.Sc. Physics with Computer Application**
- AI & Quantum Computing
- Semiconductor Physics

**B.Sc. Botany**
- Agrobiotechnology • Ethnoecology

**B.Sc. Zoology**
- Ecology • Physiology

**B.Com (Bachelor of Commerce)**
- Finance & Taxation
- Business Statistics & Law

**M.Com (Master of Commerce)**
- Finance

**M.Sc. Space Science**
- Astrophysics

### SELF FINANCING PROGRAMMES

**B.Sc. Psychology**
- Clinical Psychology • Health Psychology • Forensic Psychology
- Forensic Psychology • Community Psychology • Applied Psychology

**B.Sc. Data Science**
- Big Data Analytics • Cloud Computing

**B.Sc. Artificial Intelligence & Data Analytics**
- Business Intelligence • Cloud Management

**B.Sc. Internet of Things (IoT)**
- Networking • Communication Technology

**B.Sc. Networking & Cyber Security**
- Ethical Hacking • Network Defence

**B.Com Finance & Taxation**
- Financial Market Professional Programme • ACCA/CA/CMA/CS
- Enrolled Agent • Business Analytics • Investment Banking

**B.Com Computer Application & Information Technology**
- Business Intelligence Developer • Cyber Security
- Python Programming

**B.Com Entrepreneurial Tourism & Event Management**
- Airline Airport Operations

**B.Com Marketing & Brand Management**
- Digital Marketing

**BBA (Bachelor of Business Administration)**
- Business Analytics • Logistics

**BCA (Bachelor of Computer Applications)**
- AI & Robotics/Cyber Security • Internet of Things

**BSW (Bachelor of Social Work)**
- Development Social Work • Labour Welfare
- Medical and Psychiatric Social Work• Multicultural Social Work

**MSW (Master of Social Work)**
- Community Development • Family & Child Welfare
- Medical and Psychiatry

## HOSTEL FACILITY

- **BOYS HOSTEL (Seats-100)**
  CUSAT Road
  Mob: 9567194885, 9946703107, 9447551177
- **LADIES HOSTEL (Seats-100)**
  CUSAT Road
  Mob: 9567194885, 9946703107, 9447551177
- **BPS CONVENT HOSTEL (Seats-40)**
  Thrikkakara, Mob: 9495778985
- **Sports Hostel BMC Campus**
  Thrikkakara,
  Mob: 9539698385

TRANSPORTATION BUS FACILITY

Number of UG Students Placed - 157 | Number of MBA Students Placed - 67 | Number of MSW Students Placed - 11
Total Number of Students Placed- 249 | Total Job Offers - 250

OUR CORPORATE PARTNERS FOR PLACEMENTS & SUMMER INTERNSHIPS

EY • Deloitte. • KPMG • accenture • TEACH FOR INDIA • epi • EXTRA MARKS • amazon • MRF • jaro education • mycaptain • IntelliPaat • CARE REVENUE • EXL • wipro • Infosys • ICICI PRUDENTIAL • KEYVALUE • LuLu • TCS • FOCUS EDUMATICS • Chegg • CSS CORP • KGiS • kotak • IRIS • Joyalukkas • FEDERAL BANK • HDFC BANK • SOUTH INDIAN Bank • zolo • RMC • GEODIS • Bhumi • cognizant


2026-2027 Academic Year
ADMISSIONS OPEN
Programmes Offered
AUTONOMOUS
Naipunnya
Institute of Management and Information Technology
A Project of Archdiocese of Ernakulam-Angamaly
Dept. of Hotel Management
B.Sc.HA
B.Sc.HMCS
B.Sc.HMCA
OneYear Diploma in Hotel & Catering Management
PG Dept. of Computer Science
BCA
B.Sc.CS
B.Sc.IT
M.Sc.CS
PG Dept. Of Commerce
B.COM Finance, Computer Application Co-operation
BBA
M.Com Finance
PG Department of English
BA English
MA English
Dept. of Fashion Designing
B.Sc. Costume & Fashion Designing
PG Dept.of Social Science
BSW
MSW
Naipunnya Business School
MBA
ADD-ON PROGRAMMES
ACCA
CMA (USA)
International Diploma in Logistics and Business Mgmt
Aviation and Airport Management
International Diploma in Hospital Administration
Artificial Intelligence and Machine Learning
Cyber Security and Ethical Hacking
Business Analytics
Civil Service Coaching
Mixology
Fruits and Vegetable Carving
Flower Arrangement
Food Safety from Govt. of India
Counselling and Psychotherapy
Hospital Administration and Health Care Management
Digital Fashion Art & Visualization
Microsoft Office Specialist Certification
Business Analytics Certification
Digital Marketing Certification
Power BI Certification
Six Sigma Certification
NAIPUNNYA
UGC
A++ NAAC
Naipunnya®
To reach the unreachable
PONGAM | KORATTY
+91 9188332340, 0480 2730340, 2730341, 2733573
www.naipunnya.ac.in

# NAIPUNNYA SCHOOL OF MANAGEMENT

Affiliated to the University of Kerala | Accredited by NAAC with 'A' Grade




## UG COURSES

[3/4 year Honours Degree Program]

- BMS Hotel Management
- B.Sc Computer Science
- BCA
- BBA
- BA English & Communicative English
- B.Com Finance
- B.Com Business Information Systems
- B.Com Tourism & Travel Management
- B.Com Accounts & Data Science
- BTTM - Bachelor of Tourism and Travel Management

More Info: www.naipunnyacollege.ac.in

SCHOLARSHIPS UPTO 30% ON FEES

## PG COURSES

- M.Com Finance
- MTTM - Master of Tourism & Travel Management
- MA English Language & Literature

## ADD-ON COURSES

- ACCA
- Aviation & Airport Management
- Culinary French, Hygiene & Sanitation
- Art of Bartending
- Catering in Hospitality Industry
- Logistics, Supply Chain & Air Cargo Management
- Tally & GST
- Artificial Intelligence & Machine Learning,
- Cloud Computing, Ethical Hacking & Cyber Security
- Data Analytics
- Robotics



**100% Placement Assistance**

Naipunnya SCHOOL OF MANAGEMENT

Bus & Hostels Available

info@naipunnyacollege.ac.in | www.naipunnyacollege.ac.in



Admissions Hot Line +91 860 680 2255

Near Manorama Junction, Cherthala


ST. XAVIER'S COLLEGE VAIKOM
Transforming Lives since 1981
Re-accredited with B++ Grade by NAAC
Affiliated to Mahatma Gandhi University, Kottayam
B++
NAAC
KERALA STATE RUTRONIX
nirf
Kirf
AISHE
ST. XAVIER'S COLLEGE
ADMISSIONS
2026-27
→ Build Your Future. Begin at St. Xavier's. ←
Quality Education
Holistic Development
Value-Based Learning
Bright Future
UG PROGRAMMES (AIDED)
• B.Sc. (Hons.) Physics
• B.A. (Hons.) Economics
• B.Com. (Hons.)
◦ Specialisations: Finance and Taxation
◦ Logistics Management
• B.Sc. (Hons.) Zoology
• B.Sc. (Hons.) Chemistry
• B.Sc. (Hons.) Food Science and Quality Control
• B.A. (Hons.) Political Science with Journalism and Mass Communication (Double Major)
PG PROGRAMME (AIDED)
• M Com. Finance and Taxation
RESEARCH PROGRAMME
• Ph.D. in Commerce
AVAILABLE INSTITUTIONAL MINORS
Aquaculture, Zoology, Chemistry, Industrial Chemistry, Botany, History, Political Science, Journalism, Mathematics, English, Commerce, Economics, Food Science, Physics
ADMISSION HELPDESK SERVICE
For detailed information, please get in touch with the admission help desk at St. Xavier's College
9544958526, 9447814903
FEATURES
Career cell & Campus Placements
Govt. fee only
State of the art labs and industry-ready curriculum
NSS and Club Activities
Add-on courses
PSC Certified Computer Courses Rutronix - DCA, PDGCA, Tally
Library Facilities
Green and Serene Campus
Sports, arts and cultural activities
Internships & On-the-job Trainings
Scholarships
Mini Theatre
CONTACT & LOCATION
St. Xavier's College Vaikom, Kothavara P.O, Kottayam - 686607
WEBSITE
www.stxavierscollegevaikom.ac.in
EXCELLENCE IN EDUCATION. VALUES FOR LIFE.

# വിശ്വാസപരിശീലനകേന്ദ്രം

2026-27 വിശ്വാസപരിശീലനവർഷം ആപ്തവാക്യം

**"ഞാൻ ഈശോയുടെ നിരീക്ഷണത്തിലാണ്"**

**(I am under the surveillance of Jesus)**

1. **വിശ്വാസപരിശീലനവർഷാരംഭം 2026 ജൂൺ 7-ാം തീയതി ഞായറാഴ്ച:** ഇടവകതലത്തിലുള്ള വിശ്വാസപരിശീലനവർഷാരംഭവും പ്രവേശനോത്സവവും ആണ്. ഈ ദിനത്തിൽ കുട്ടികൾക്ക് പള്ളിയിൽ വരുവാൻ പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പ്രവേശനോത്സവം ഇടവകതലത്തിൽ സംഘടിപ്പിക്കാം.

2. **2026-2027 - A Year of Digital Wellness:** ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിപ്രസരം നമ്മുടെ കുട്ടികളുടെ ആത്മീയവും മാനസികവുമായ വളർച്ചയ്ക്ക് വെല്ലുവിളിയാകുന്ന ഈ കാലഘട്ടത്തിൽ, ഡിജിറ്റൽ ലോകത്ത് ക്രിസ്തുവിനൊപ്പം നടക്കാൻ (With Christ in the Digital World) എറണാകുളം-അങ്കമാലി അതിരൂപതാ വിശ്വാസപരിശീലന വിഭാഗം ഈ അദ്ധ്യയന വർഷം Year of Digital Wellness ആയി ആചരിക്കുന്നു.

3. **ഫാമിലി കാറ്റക്കീസം - പഠനസഹായി (FAM-CAT):** കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും ഒരുപോലെ പരാതി പറയുന്ന ഒരു മേഖലയാണ് കുട്ടികളുടെ കാറ്റക്കീസം പരീക്ഷ. കുട്ടികൾക്ക് പരീക്ഷയെ മാത്രം അടിസ്ഥാനമാക്കിയുള്ള പ്രമോഷൻ ലഘൂകരിക്കാനും കുട്ടികൾ വീട്ടിൽവച്ച് പാഠപുസ്തകം വായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ആവിഷ്കരിക്കുന്നതാണ് 'ഫാമിലി കാറ്റക്കീസം - പഠനസഹായി' വർക്ക് ബുക്ക്. നാലു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ ഓരോ സെമസ്റ്ററിലും 15 മാർക്ക് വീതം ഇന്റേണൽ മാർക്ക് നൽകുന്നു. ഇതിൽ 10 മാർക്ക് നൽകേണ്ടത് ഓരോ ഞായറാഴ്ച്ചയിലേയും ഫാമിലി കാറ്റക്കീസം പഠനസഹായിയെ അടിസ്ഥാനമാക്കിയാണ്. സെമസ്റ്റർ പരീക്ഷയ്ക്കുള്ള പൊതുവിജ്ഞാന ചോദ്യങ്ങൾ ബൈബിൾ വചനം എന്നിവ ഈ വർഷം 'ഫാമിലി കാറ്റക്കീസം - പഠനസഹായി'യിൽ നിന്നായിരിക്കും. നാലു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾ എല്ലാവരും 'ഫാമിലി കാറ്റക്കീസം - പഠനസഹായി' ഉപയോഗിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

4. **Spiritual Mentor:** വിശ്വാസ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ വ്യക്തിപരമായി കേൾക്കുവാനും മാനസിക-ആത്മീയ തലങ്ങളിൽ സഹായിക്കുവാനുമായി ഇടവകകളിൽ നിന്നും തെരഞ്ഞെട

ുക്കപ്പെട്ടിരിക്കുന്നവരാണ് Spiritual Mentors. കാറ്റക്കീസം ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥനപ്രകാരം ചുണങ്ങംവേലിയിലെ Niveditha Institute ആണ് Spiritual Mentors-നുള്ള പരിശീലനം നൽകുന്നത്.

5. **കാറ്റിക്കീസം യൂണിറ്റുകൾക്ക് ഗ്രേഡ് :** കാറ്റക്കീസം യൂണിറ്റുകളിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷം മുതൽ ഫൊറോനാ അടിസ്ഥാനത്തിൽ കാറ്റക്കീസം യൂണിറ്റുകൾക്ക് ഗ്രേഡ് സംവിധാനം ഏർപ്പെടുത്തുന്നു. കാറ്റക്കീസം പ്രമോട്ടർമാർ യൂണിറ്റുകൾ സന്ദർശിക്കുമ്പോഴുള്ള വിലയിരുത്തലിനെ അടിസ്ഥാനമാക്കിയായിരിക്കും ഈ ഗ്രേഡുകൾ നിശ്ചയിക്കുക. ഓരോ യുണിറ്റിന്റേയും പ്രവർത്തനങ്ങളെ വിലയിരുത്തുക, നല്ല കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുക, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഓർമിപ്പിക്കുക, കൂടുതൽ ഭംഗിയായി വിശ്വാസ പരിശീലനം നടത്താനുള്ള ഊർജ്ജം നൽകുക, നന്നായി ചെയ്യുന്നവരെ അഭിനന്ദിക്കുക എന്നെല്ലാമാണ് ഈ ഗ്രേഡിങ്ങ് സമ്പ്രദായംകൊണ്ട് ഉദ്ദേശിക്കുന്നത്. കുറഞ്ഞ ഗ്രേഡ് കിട്ടുന്നവർക്ക് ഉയർന്ന ഗ്രേഡ് കിട്ടിയ യൂണിറ്റുകളിലെ നല്ല കാര്യങ്ങളെ അന്വേഷിച്ചറിഞ്ഞ് അവ ഉൾപ്പെടുത്തി യൂണിറ്റുകളിലെ വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമാക്കാനാകും. ഗ്രേഡിങ്ങിന്റെ കൂടുതൽ വിവരങ്ങൾ ഫൊറോനാ കൗൺസിലിൽ നിന്നും ലഭിക്കുന്നതാണ്.

6. **ഡിഡാക്കെ (DIDACHE):** വിശ്വാസ സത്യങ്ങളേയും, ദൈവശാസ്ത്ര വിഷയങ്ങളേയും, സഭാ വിജ്ഞാനിയത്തേയും, ധാർമ്മിക-ആനുകാലിക വിഷയങ്ങളേയും പറ്റി കൂടുതൽ അറിയുവാനും പഠിക്കുവാനും താത്പര്യമുള്ള ഡിപ്ലോമ കോഴ്സ് (Std. XII) കഴിഞ്ഞവർക്കായി എറണാകുളം-അങ്കമാലി അതിരൂപത വിശ്വാസപരിശീലന വിഭാഗം ഈ വർഷം മുതൽ ആരംഭിക്കുന്ന വിശ്വാസപരിശീലന പ്രോഗ്രാമാണ് DIDACHE. പന്ത്രണ്ട് മാസങ്ങളിൽ പന്ത്രണ്ട് ക്ലാസ്സുകൾ YOUCAT-നെ അധികരിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്.

7. **പ്രമോട്ടർമാരുടെയും ഫൊറോനാ സെക്രട്ടറിമാരുടെയും യോഗം** ജൂൺ 14 ഞായറാഴ്ച റിന്യൂവൽ സെന്ററിൽ രാവിലെ 9.30 മുതൽ 1.00 മണി വരെ നടക്കും.

8. **ഫൊറോന ഡയറക്ടർമാരുടെ മീറ്റിംഗ്** ജൂൺ 18 വ്യാഴാഴ്ച റിന്യൂവൽ സെന്ററിൽ രാവിലെ 10.30 മുതൽ 1.00 മണി വരെ നടക്കും.

9. **സന്മാർഗ്ഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും** ജൂൺ 20 ശനിയാഴ്ച: എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിൽ സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന റെഗുലർ സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗവും 2026-2027

സന്മാർഗ്ഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 20 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ജൂൺ 20-ന് ശനിയാഴ്ച രാവിലെ 9.30-ന് രജിസ്ട്രേഷനും 10.00 മണി മുതൽ 1.00 മണി വരെ പ്രധാനാദ്ധ്യാപകരുടെ മീറ്റിങ്ങും. ഉച്ചകഴിഞ്ഞ് 2.30-ന് സന്മാർഗ്ഗ ബോധനവർഷം ഉദ്ഘാടനവും അവാർഡ് ദാനവും. 2025-26 സന്മാർഗ്ഗ ബോധന വർഷത്തിൽ നാലു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ A+ കരസ്ഥ മാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കാണ് സമ്മാനം നൽകുന്നത്.

**10. എൻലൈറ്റ്** - മൂക്കന്നൂർ ഫൊറോന - 2026 ജൂൺ 21
- ചേർത്തല ഫൊറോന - 2026 ജൂൺ 28

## കാറ്റക്കീസം വാർത്തകൾ

1. Catechism Teachers' Basic Orientation Course: 2026 മെയ് 09, 10 (ശനി, ഞായർ) തീയതികളിൽ അദ്ധ്യാപകർക്കായി Residential Catechism Teachers Basic Orientation Course റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. ഈ ട്രെയ്നിങ്ങിൽ പങ്കെടുത്ത 140 ടീച്ചേഴ്സിന് സർട്ടിഫിക്കറ്റുകൾ നൽകി.

2. 2025-2026 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ് 2nd Session: 2026 മെയ് 16, 17 (ശനി, ഞായർ) തീയതികളിൽ നടത്തപ്പെട്ടു.

3. വിശ്വാസപരിശീലനവർഷ ഉദ്ഘാടനവും അവാർഡ് ദാനവും: കാറ്റക്കീസം പ്രധാനാധ്യാപകരുടെയും പ്രമോട്ടർമാരുടെയും ഫൊറോനാ സെക്രട്ടറി സിസ്റ്റേഴ്സിന്റേയും മീറ്റിങ്ങും വിശ്വാസപരിശീലനവർഷ ഉദ്ഘാടനവും അവാർഡ് ദാനവും മെയ് 24-ാം തീയതി ഞായറാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെട്ടു. രാവിലെ നടന്ന മീറ്റിങ്ങ് അതിരൂപതാ പ്രോ പ്രോട്ടോ സിഞ്ചെല്ലൂസ് വെ. റവ. ഡോ. ജിമ്മി പൂച്ചക്കാട്ട് ഉദ്ഘാടനം ചെയ്തു. റവ. ഡോ. സാബു കുമ്പുക്കൽ ക്ലാസ്സ് നയിച്ചു. ഉച്ചകഴിഞ്ഞ് 2.30-ന് നടന്ന ഉദ്ഘാടന സമ്മേളനം അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ചു ബിഷപ്പിന്റെ വികാരി മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ പ്രധാനാധ്യാപകരും, പ്രൊമോട്ടേഴ്സും, സെക്രട്ടറി സിസ്റ്റേഴ്സും, സ്കോളർഷിപ്പ് ലഭിച്ചവരും, മത്സരങ്ങൾക്ക് സമ്മാനർ ഹരായവരും, കുട്ടികളുടെ മാതാപിതാക്കളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഈ സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് 2026-2027 വർഷത്തെ 'ഞാൻ ഈശോയുടെ നിരീക്ഷണത്തിലാണ്' എന്ന ലോഗോ പ്രകാശനം ചെയ്തു.

4. XII-ാം ക്ലാസ്സ് അദ്ധ്യാപകരുടെ ട്രെയിനിങ് : XII-ാം ക്ലാസിലെ അധ്യാപകർക്കുള്ള ട്രെയിനിങ് പ്രോഗ്രാം (പുതിയ ടെക്സ്റ്റ് പരിചയപ്പെടുത്തൽ) മെയ് 30-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ നടത്തപ്പെട്ടു.
5. പാഠപുസ്തകങ്ങൾ ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

### വിവാഹ ഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ജൂൺ 08-10 (കലൂർ) | ജൂലൈ 06-08 (കലൂർ) |
| ജൂൺ 16-18 (കാലടി) | ജൂലൈ 14-16 (കാലടി) |
| ജൂൺ 30-02 (കാലടി) | ജൂലൈ 28-30 (കാലടി) |

NB: വിവാഹ ഒരുക്ക ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

### പാരന്റിംഗ് സെമിനാർ

ജൂൺ 13 - തോട്ടുവ

### ദമ്പതി ധ്യാനം (Contact Number - 8078334522)

ജൂൺ 19-21 (20 ദമ്പതികൾക്ക് മാത്രം) @ ജീവാലയ

### Love Forever

ജൂൺ 21 - പെരുമാനൂർ

### സൺഷൈൻ ധ്യാനം (Contact Number - 8078334522)

ജൂൺ 26 -28 @ ജീവാലയ

### യൂദിത്ത് ഫോറം വാർഷീക സെമിനാർ, 2026

ലോക വിധവാ ദിനത്തോടനുബന്ധിച്ച് (ജൂൺ 23) "അനുനിമിഷ അവബോധം സന്തുഷ്ട ജീവിതത്തിന്" എന്ന വിഷയത്തെ ആസ്പദമാക്കി യൂദിത്ത് ഫോറം 2026 ജൂൺ 13-ാം തിയതി കലൂർ, റിന്യൂവൽ സെന്ററിൽ അർദ്ധദിന വാർഷീക സെമിനാർ സംഘടിപ്പിക്കുന്നു.

സമയം : രാവിലെ 09.00 മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ

## കുടുംബപ്രേഷിത കേന്ദ്രത്തിന്റെ സുവർണ്ണ ജൂബിലി സമാപനം

അതിരൂപതയിലെ കുടുംബങ്ങളുടെ പരിപോഷണത്തിനായി 1976 ജൂൺ 10-ന് രൂപംകൊണ്ട കുടുംബപ്രേഷിത കേന്ദ്രം സുവർണ്ണ ജൂബിലി നിറവിലാണ്. 2026 ജൂൺ 13-ാം തീയതി ഉച്ചതിരിഞ്ഞ് 02.30 മുതൽ 05.00വരെ കലൂർ റിന്യൂവൽ സെന്ററിൽ സുവർണ്ണ ജൂബിലി സമാപന സമ്മേളനം സംഘടിപ്പിക്കുന്നു. നമ്മുടെ അതിരൂപതയിൽ ആരംഭം കുറിച്ച ഈ ശുശ്രൂഷ, അഞ്ച് പതിറ്റാണ്ട് പിന്നിടുന്നു. നാളിതുവരെ സഹകരിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു. ജൂബിലി സമാപന സമ്മേളനത്തിലേക്ക് എല്ലാവരേയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

## ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്തിയ ശുശ്രൂഷകൾ

കൗൺസലിംഗ്: കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, വൈക്കം വെൽഫെയർ സെന്റർ എന്നിവിടങ്ങളിലായി 55 പേർ കൗൺസലിംഗ് സൗകര്യം പ്രയോജനപ്പെടുത്തി.

ദമ്പതി ധ്യാനം: ജീവാലയയിൽ നടന്ന ദമ്പതി ധ്യാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ദമ്പതികൾ പങ്കെടുത്തു.

ബേബിഷൈൻ ധ്യാനം: ഗർഭിണികൾക്കുവേണ്ടി ധ്യാനം നടത്തി.

വിവാഹ ഒരുക്ക ധ്യാനം: കലൂർ റിന്യൂവൽ സെന്റർ, കാലടി ജീവാലയ, രണ്ട് സെന്ററുകളിൽ നടന്ന 5 വിവാഹ ഒരുക്ക ധ്യാനത്തിലായി 358 പേർ പങ്കെടുത്തു. വിവാഹ ഒരുക്ക ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കായി നടത്തിയ ഏകദിന സെമിനാറിൽ 458 പേർ പങ്കെടുത്തു.

ടീച്ചേഴ്സ് ട്രെയിനിംഗ്: ആയത്തുപടി ഇടവകയിലെ അദ്ധ്യാപകർക്കായി ഏകദിന പരിശീലന പരിപാടി നടത്തി.

പാരന്റിംഗ് സെമിനാർ: ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി കാലടി, ജീവാലയയിൽ പാരന്റിംഗ് സെമിനാർ നടത്തി 90 പേർ പങ്കെടുത്തു.

ദമ്പതി സെമിനാർ : ദമ്പതികൾക്കായി ചൂണ്ടി ഇടവകയിൽ സെമിനാർ നടന്നു. 50 ദമ്പതികൾ പങ്കെടുത്തു.

Forane Family Apostolate Forum Meeting : 12 ഫൊറോനകളിൽ ഫോറം മീറ്റിംഗ് നടന്നു.

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

## അറിയിപ്പുകൾ

### ആശ്വാസ് ഇൻഷുറൻസ്- ക്ലയിമുകൾ സ്വീകരിച്ചുതുടങ്ങി

സഹൃദയ ആശ്വാസ് ഇൻഷുറൻസ് പദ്ധതി പുതിയ പോളിസി അംഗങ്ങളിൽ ആശുപത്രിചികിത്സ വേണ്ടിവന്നവരുടെ ക്ലയിമുകൾ റീജണൽ ഓഫീസുകൾ വഴി സ്വീകരിച്ചുതുടങ്ങി. പോളിസി അംഗങ്ങൾ ആശുപത്രിയിൽ കിടത്തിചികിത്സയ്ക്കു വിധേയരാകുന്ന ദിവസം തന്നെ ഇൻഷുറൻസ് കമ്പനിയെ അറിയിക്കാൻ മറക്കരുതെന്ന് ഓർമിപ്പിക്കുന്നു.

### നൈവേദ്യയിൽ വർഷകാല ചികിത്സ

സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രിയിൽ വർഷകാല ചികിത്സ ജൂൺ 15 മുതൽ ആരംഭിക്കുന്നു. കർക്കിടക കഞ്ഞി ഔഷധ കിറ്റുകളും തയ്യാറായിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8304038267

### സഹൃദയ ഏർലി ഇന്റർവെൻഷൻ ആൻഡ് എംപവർമെൻറ് കേന്ദ്ര- സീക്

കുട്ടികളിലെ വളർച്ച വെല്ലുവിളികൾ ശൈശവത്തിൽ കണ്ടെത്തി തെറാപ്പികളിലൂടെ പരിഹരിക്കുന്നതിനായി സ്ഥാപിതമായ സീക് സെന്ററിൽ ഒക്കുപ്പേഷണൽ, സ്പീച്ച്, ഫിസിയോ, ബിഹേവിയറൽ തെറാപ്പികൾ ആരംഭിച്ചിരിക്കുന്നു. മുൻകൂട്ടി ബുക്ക് ചെയ്യുന്നതിന് 9061912233.

### ഇടം കൗൺസിലിംഗ് സെന്റർ

പൊന്നുരുന്നി 'ഇടം കൗൺസിലിംഗ് സെന്ററിൽ' കൗൺസിലിംഗ് സേവനങ്ങൾ ലഭ്യമാണ്. വൈക്കം വെൽഫെയർ സെന്ററിൽ എല്ലാ വെള്ളിയാഴ്ചകളിലും കൗൺസിലിംഗ് സേവനം ലഭിക്കുന്നു. ബുക്കിംഗിന് 9847610707.

### ബയോഗ്യാസ് പ്ലാന്റ്

സ്ത്രീകളുടെ നേതൃത്വത്തിൽ നടത്തുന്ന ഹോട്ടലുകൾ, റസ്റ്ററന്റുകൾ, ചെറുകിട കേറ്ററിംഗ് യൂണിറ്റുകൾ, പന്നിവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ സംരംഭങ്ങൾക്ക് മാലിന്യസംസ്കരണത്തിനായി പ്രത്യേക സബ്സിഡിയോടെ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു നൽകുന്നു. രണ്ടര ഘനമീറ്റർ വലിപ്പമുള്ള ഉയർന്ന മർദ്ദത്തിൽ ബയോഗ്യാസ് ലഭിക്കുന്ന 1,03,000 രൂപ വിലയുമുള്ള ടർബോ ബയോഗ്യാസ് പ്ലാന്റുകൾക്ക് ഗുണഭോക്താവ് 27,000 രൂപ അടച്ചാൽ മതിയാകും. പ്ലാന്റിനുള്ള കുഴി എടുക്കൽ, ആദ്യചാണകം

നിറയ്ക്കൽ എന്നിവയും ഗുണഭോക്താവ് ചെയ്യണം. വിശദവിവരങ്ങൾക്ക്: ഫോൺ: 8943710720

**ജൂൺ 5 പരിസ്ഥിതി ദിനാചരണം സംഘടിപ്പിക്കുന്നു.**

### ഡ്രൈവർ ഒഴിവ്

സഹൃദയയിലേക്ക് പ്രൊഫഷണൽ ഡ്രൈവിംഗ് യോഗ്യതയുള്ളവർക്ക് തൊഴിൽ അവസരം. താമസ, ഭക്ഷണ സൗകര്യങ്ങൾ ലഭ്യമാണ്. വിശദവിവരണങ്ങൾക്ക് 9495254157, 8075252848.

### ഓഫീസ് പ്രവൃത്തിദിനം

സഹൃദയ ഓഫീസിലേക്ക് ജീവകാരുണ്യ സഹായങ്ങൾക്കുള്ള അപേക്ഷ യുമായി കഴിയുന്നതും തിങ്കളാഴ്ച ദിവസങ്ങളിൽ മാത്രം അപേക്ഷകരെ പറഞ്ഞയയ്ക്കുന്നതാണ് അഭികാമ്യമെന്ന് അറിയിക്കുന്നു.

## വാർത്തകൾ

### വിദ്യാദർശൻ പദ്ധതി പഠനോപകരണങ്ങൾ വിതരണം ചെയ്തു

വൈക്കം, ചേർത്തല മേഖലകളിലെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികളുടെ പഠനമികവിനായി നടപ്പാക്കുന്ന വിദ്യാദർശൻ പദ്ധതി അംഗങ്ങളായ 100 കുട്ടികൾക്കുള്ള പഠനോപകരണ വിതരണം മേഖലാ ഓഫീസിൽ നടത്തി.

### ഇടം കൗൺസിലിംഗ് ബോധവൽക്കരണ ക്ലാസ്സ്

സഹൃദയ വീ-ഗാർഡുമായി സഹകരിച്ച് സ്ത്രീകൾക്കായി ഒരുക്കുന്ന 'ഇടം' സൗജന്യ കൗൺസിലിംഗ് സെന്റർ പദ്ധതിയുമായി ബന്ധപ്പെട്ട ക്ലാസ്സ് തൃപ്പൂണിത്തുറ, കൊറ്റമം, പനങ്ങാട് പള്ളികളിൽ സംഘടിപ്പിച്ചു.

### ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റ് ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പി ലാക്കുന്ന ജെ. എൽ. ജി. കുമ്പളം, അശോകപുരം കണ്ടനാട്, ആരക്കുന്നം,ടിവി പുരം കൂടാലപ്പാട്, ചൂണ്ടി, യൂണിവേഴ്സിറ്റി സെന്റർ, മഴുവന്നൂർ, കോടനാട്, വളമംഗലം, എന്നി വില്ലേജുകളിൽ രൂപീകരിച്ചു.

### സ്വയം സഹായ സംഘങ്ങളുടെ വാർഷികാഘോഷം

കാവിൽ, മുരിങ്ങൂർ, പനങ്ങാട് ഇടവകകളിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ വാർഷികാഘോഷം സംഘടിപ്പിച്ചു.

## സഹൃദയ- ഉഷ സിലായ് സ്കൂൾ സർട്ടിഫിക്കറ്റ് വിതരണം

സഹൃദയ - ഉഷ സിലായ് തയ്യൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റുകൾ പറവൂർ റീജിയണൽ ഓഫീസിൽനിന്നും വിതരണം ചെയ്തു.

## ഫാസ്റ്റ്ഫുഡ് പരിശീലന സർട്ടിഫിക്കറ്റ് വിതരണം

സഹൃദയ, ഗ്രാമീണ സ്വയം തൊഴിൽ പരിശീലനകേന്ദ്രമായ കോട്ടയം RSETI യുമായി സഹകരിച്ച് ചെമ്മനത്തുകര സെന്റ് ആന്റണീസ് പള്ളിയിൽ സംഘടിപ്പിച്ച 12 ദിവസത്തെ ഫാസ്റ്റ്ഫുഡ് ലഘു ഉദ്യമി പരിശീലപരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് NCVET സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. എറണാകുളം RSETI യുമായി സഹകരിച്ച് പുത്തൻപള്ളി സെന്റ് ജോർജ് പാരിഷ് ഹാളിൽ സംഘടിപ്പിച്ച 12 ദിവസത്തെ ഫാസ്റ്റ്ഫുഡ് ലഘു ഉദ്യമി പരിശീലപരിപാടി വിജയകരമായി പൂർത്തിയാക്കിയവർക്ക് NCVET സർട്ടിഫിക്കറ്റ് വിതരണം നടത്തി.

## പേപ്പർ ക്യാരി ബാഗ് നിർമാണ പരിശീലനം

ഭിന്നശേഷിക്കാർക്കായി കൈപ്ര ബഡ്സ് സ്കൂളിൽ പേപ്പർ ക്യാരി ബാഗ് നിർമാണ പരിശീലനം സംഘടിപ്പിച്ചു.

## സഹൃദയ കുടുംബ സംഗമം

സഹൃദയ സ്റ്റാഫംഗങ്ങളുടെ കുടുംബസംഗമം പൊന്നുരുന്നിയിൽ നടത്തി. ദിവ്യബലി, ക്ലാസ്സ്, സ്നേഹവിരുന്ന്, പഠനോപകരണങ്ങളുടെ വിതരണം എന്നിവ ഉണ്ടായിരുന്നു.

## സ്വയം തൊഴിൽ വായ്പ

മെയ് മാസത്തിൽ സഹൃദയ വെസ്കോ ക്രഡിറ്റ് സംഘങ്ങൾ വഴി രണ്ട് പേർക്ക് 60000 രൂപയും ജെ. എൽ. ജി. വഴി 14 പേർക്ക് 58,57,000 രൂപയും സ്വയം തൊഴിൽ വായ്പ നൽകി.

## സഹൃദയ ഫെസ്റ്റ്

കിഴക്കുംമുറി, കറുകുറ്റി, ഞാറല്ലൂർ, തോട്ടുവ ഇടവകകളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

**ഫാ. ആന്റണി പുതിയാപറമ്പിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

**Study Programs**

- Study German in Germany with our **B2 RESIDENTIAL BOARDING PROGRAM.**
  - High quality training with full support towards **Ausbildung** in Germany.
  - Career fields: Nursing, IT, Mechanical, Electronics and more.
- Start your nursing career in Australia, the UK and Canada after Grade 12.
- Unlock global opportunities - Study your Master's in Ireland.
- Shape your future with Austria's world class MBA, Bachelors and Master's degree programs.
- New **IELTS** and **NICE (Naipunnya International Communicative English)** offline batches commence every Monday this June.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9072919144**

- Italian (B1 B2) Offline batch starts June 1st.
- German (A1 A2) Offline batch starts June 1st.
- French (A1) Online batch starts June 1st.
- Spanish (A1 A2) Online batch starts June 1st.
- Tuition classes are starting for classes 8,9,10,11 and 12.
- Admissions are now open for Civil Service Regular, Sunday, Evening and Foundation 2026-27 batches.
- For Civil Service Outreach Programs please contact the office.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **UGC NET/JRF** PAPER I & PAPER II – Offline & Online batch for 2026 DECEMBER exam. (Admissions now open for June batch).
- **BANK (IBPS, PO, CLERK, SO)** – Offline (New batch starts every Monday this June).

- **SSC (CGL, CHSL, MTS)** – Offline (New batch starts every Monday this June).
- **CUET (Common University Entrance Test)** – Online & Offline regular batches (Admission are now open for June batch).
- **RAILWAY RECRUITMENT BOARD**
  Graduate level (New batch starts every Monday this June).
  Undergraduate level (New batch starts every Monday this June).
- **IELTS, PTE & COMMUNICATIVE ENGLISH** new Offline & Online batches starts every Monday this June.
- **LAW ENTRANCE** CLAT, KLEE, CUSAT –CAT-LLB (Online) Admissions are now open for June batch.

**4) NAIPUNNYA INTERNATIONAL**
**SUBODHANA PASTORAL CENTRE, ANGAMALY**

**Contact: 9544919155, 9633338433**

- **IELTS, PTE & NICE (Naipunnya International Communicative English)** New Offline batches commence every Monday this June. Reserve your seat and get started.
- Expert Guidance for Overseas Education and Counselling.

**Fr. Juby Joy Kalathiparambil**
**Director**

# സുബോധന

## റീജിയണൽ പാസ്റ്ററൽ സെന്റർ, അങ്കമാലി

### ജൂൺ മാസത്തെ പരിപാടികൾ

### ജൂൺ 01: Future Forge

സുബോധന, പൊങ്ങം നൈപുണ്യയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന സെമിനാർ.

പ്ലസ് ടു പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ തുടർപഠനവുമായി ബന്ധപ്പെട്ട സ്വപ്നങ്ങൾക്ക് വ്യക്തമായ ദിശാബോധവും നിർവചിതമായ ലക്ഷ്യങ്ങളും നൽകുക, സംശയങ്ങൾ നീക്കം ചെയ്ത് ആത്മവിശ്വാസ

ത്തോടെ ഭാവിയെ രൂപപ്പെടുത്താൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഒരുക്കിയിരിക്കുന്ന വേദി.

സമയം: ഉച്ചകഴിഞ്ഞ് 02.15 മുതൽ 4.15 വരെ

## ജൂൺ 06: സെമിനാർ

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ മരണത്തിന്റെ 800-ാം വാർഷികത്തോടനുബന്ധിച്ച് പ്രഖ്യാപിച്ചിരിക്കുന്ന പ്രത്യേക വർഷത്തിന്റെ ഭാഗമായി നടത്തുന്ന സെമിനാർ പരമ്പരയിലെ രണ്ടാമത്തേത്.

പരിസ്ഥിതിയും ഫ്രാൻസിസ്കൻ ആത്മീയതയും: സൃഷ്ടിയുടെ ആത്മഗാനം: ശ്രീ. C. R. നീലകണ്ഠൻ

സമയം: ഉച്ചകഴിഞ്ഞ് 02.15 മുതൽ 4.15 വരെ

## ജൂൺ 18: സത്സംഘം

അത്യാധുനിക ചികിത്സാസാങ്കേതികവിദ്യകൾ: അതിജീവനത്തിനുള്ള ഉപാധിയോ ഉപഭോഗസംസ്കാരത്തിന്റെ പ്രതിഫലനമോ?

ജീവനെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും അസ്തമിച്ച രോഗികളിൽ അത്യാധുനിക ചികിത്സാസാങ്കേതികവിദ്യകളുടെ ഉപയോഗത്തിന്റെ പരിധിയും പ്രസക്തിയും ധാർമ്മികവും മാനവികവുമായ സമീപനത്തിൽ ചർച്ച ചെയ്യുന്ന സംവാദസന്ധ്യ... വരൂ... സംസാരിക്കാം...

സമയം: വൈകിട്ട് 06.00 മുതൽ 8.00 വരെ

## ജൂൺ 22 (തിങ്കൾ) മുതൽ 26 (വെള്ളി) വരെ:

ക്രിസ്തുവിജ്ഞാനീയം: ക്രിസ്തുവിനെ കുറിച്ചുള്ള ഒരു സമകാലിക വായന (Christology)

യേശുക്രിസ്തുവിന്റെ വ്യക്തിത്വവും രക്ഷാകരദൗത്യത്തിലെ അവിടുത്തെ സ്ഥാനവും സമകാലിക സാഹചര്യങ്ങളിൽ വായിച്ചറിയുന്നതിനും, സഭാമക്കളെന്ന നിലയിൽ ആത്മീയ നവീകരണം, സാമൂഹിക പ്രതിബദ്ധത, ദൗത്യനിർവഹണം എന്നിവ ഏത് ദിശയിലായിരിക്കണമെന്ന് സംബന്ധിച്ച അവബോധം വളർത്തുന്നതിനുമായി സംഘടിപ്പിക്കുന്ന പഠനപരമ്പര.

ക്ലാസുകൾ നയിക്കുന്നത്: ഫാ. ഡോ. പോൾ ചിറ്റിനപ്പിള്ളി
സമയം: വൈകിട്ട് 06.00 മുതൽ 7.30 വരെ

**ഫാ. ജോസഫ് പാത്താടൻ**
**ഡയറക്ടർ**

# ബൈബിൾ അപ്പോസ്റ്റലേറ്റ്

## 1) ലോഗോസ് ക്വിസ് 2026

കഴിഞ്ഞ 25 വർഷവും സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളത് നമ്മുടെ അതിരൂപതയാണ്. അത് നമ്മുടെ ബഹുമാനപ്പെട്ട വൈദികരുടെയും ഇടവക അംഗങ്ങളുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായിരുന്നു. വിശ്വാസപരിശീലകരുടെ നേതൃത്വത്തിൽ മുഴുവൻ വിദ്യാർത്ഥികളേയും വിശ്വാസപരിശീലകരെയും, കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ മുതിർന്ന അംഗങ്ങളേയും പങ്കെടുപ്പിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപതാതലത്തിൽ ഓരോ സെന്ററിനേയും കോർത്തിണക്കി ഒരുക്കിയിരിക്കുന്ന സംവിധാനപ്രകാരം ബൈബിൾ അപ്പസ്തോലേറ്റ് ഡിപ്പാർട്ട്മെന്റ്, ഫൊറോന ആനിമേറ്റർ, ഇടവക വികാരി, വിശ്വാസ പരിശീലന ഹെഡ്മാസ്റ്റർ, ടീച്ചേഴ്സ്, വൈസ്ചെയർമാൻ, പാരിഷ് കോ-ഓർഡിനേറ്റേഴ്സ് എന്നിവരുടെ കൂട്ടായ സഹകരണം ഇതിന്റെ വിജയത്തിനായി പ്രതീക്ഷിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. ലോഗോസ് ക്വിസ് 2026 അതിരൂപതാതല പരീക്ഷ സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയായിരുക്കും.
2. ഓരോ വ്യക്തിയിൽ നിന്നും രജിസ്ട്രേഷൻ ഫീസായി 20 രൂപയാണ് ഈടാക്കേണ്ടത് (അതിൽ 2 രൂപ ഇടവകയിലെ ലോഗോസിന്റെ പ്രവർത്തനങ്ങൾക്കും 18 രൂപ സംസ്ഥാന, രൂപതാ, പ്രവർത്തനങ്ങൾക്കുമായി കലൂർ, റിന്യൂവൽ സെന്ററിൽ പ്രവർത്തിക്കുന്ന ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്).
3. 2026 ജൂൺ 1 മുതൽ ജൂലൈ 31 വരെയാണ് രജിസ്ട്രേഷൻ ചെയ്യേണ്ട സമയം. ഓൺലൈൻ രജിസ്ട്രേഷൻ ആയിരിക്കും. ജൂലൈ 31-നു ശേഷം രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. അതിനാൽ രജിസ്ട്രേഷൻ സമയപരിധി കൃത്യമായി പാലിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. ഓൺലൈൻ രജിസ്ട്രേഷന്റെ സുഗമമായ നടത്തിപ്പിനായി എല്ലാ ഇടവകകളിൽ നിന്നും ഒരു കോ-ഓർഡിനേറ്ററെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും.

നമ്മുടെ അതിരൂപതയിൽ നൽകുന്ന പ്രത്യേക സമ്മാനങ്ങൾ:

1. ഏറ്റവും കൂടുതൽ അംഗങ്ങൾ രജിസ്റ്റർ ചെയ്ത ഇടവകകൾ
2. ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയിൽ പങ്കെടുപ്പിക്കുന്ന ഇടവകകൾ
3. ഫാമിലി ക്വിസിൽ ഏറ്റവും കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾ
4. കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുന്ന ഇടവകകൾ

N B: രജിസ്ട്രേഷൻ കൃത്യസമയത്ത് നടത്തണം. രജിസ്ട്രേഷൻ ഫീസ് ബാങ്ക് വഴി തരുമ്പോൾ ബാങ്ക് വിവരങ്ങളും ഇടവകയുടെ പേരും സെന്റർ കോഡും ഉണ്ടായിരിക്കണം. അതിന്റെ screenshot 9946737160 എന്ന നമ്പറിൽ ആ ദിവസം തന്നെ അയച്ചു തരികയും വേണം.

Bank Account Details:

Bible Apostolate Department Unit
Azad Road Kaloor, Ernakulam.
A/c No. 14210100213569
I F S C: FDRL0001421
Federal Bank, Ernakulam/Kaloor.

## 2) അതിരൂപത ബൈബിൾ കലോത്സവം 2026

കെ. സി. ബി. സി. മൂന്നുവർഷത്തിലൊരിക്കൽ സംഘടിപ്പിക്കുന്ന ബൈബിൾ കലോത്സവം, ഈ വർഷവും നടത്തപ്പെടുന്നു. അതിന്റെ ഭാഗമായി അതിരൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 2026 നവംബർ 14, 15 തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ അതിരൂപത ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നു.

1. 2026 ജൂലൈ മാസത്തിൽ ഇടവക തലത്തിലും ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ഫൊറോന തലത്തിലും മത്സരങ്ങൾ സംഘടിപ്പിച്ച്, അതിൽ വിജയികൾ ആയവരാണ് അതിരൂപത തലത്തിൽ മത്സരിക്കുവാൻ അർഹത നേടുന്നത്.

2. മത്സര ഇനങ്ങളിൽ ലളിതഗാനം, ശാസ്ത്രീയ സംഗീതം, പ്രസംഗം, സിംഗിൾ ഡാൻസ്, സങ്കീർത്തന ആലാപനം, ബൈബിൾ ക്വിസ്, (2 പേർ വീതം ഉള്ള ടീം) എന്നിവയ്ക്ക് ഒരു ഫൊറോനയിൽ നിന്ന് ജൂനിയർ വിഭാഗത്തിലും സീനിയർ വിഭാഗത്തിലും രണ്ടുപേർ വീതവും, പെയിന്റിംഗ് മത്സരത്തിന് ജൂനിയർ, സീനിയർ വിഭാഗത്തിൽ മൂന്ന് പേർ

വീതവും, കഥാപ്രസംഗം, മാർഗംകളി, തെരുവ് നാടകം, നാടകം എന്നിവയ്ക്ക് ഒരു ടീം വീതവും ആണ് അതിരൂപതാ തലത്തിൽ പങ്കെടുക്കുവാൻ അർഹത നേടുക.

3. ലളിതഗാന മത്സരത്തിന് മാത്രമാണ് ആൺ പെൺ വ്യത്യാസമുള്ളത്.

4. 2012 ജനുവരി 1-ാം തീയതിയോ അതിനുശേഷമോ, ജനിച്ചവരാണ് ജൂനിയേഴ്സ്. 2002, ജനുവരി 1 മുതൽ 2011 ഡിസംബർ 31 ഉൾപ്പെടെ ജനിച്ചവർ സീനിയേഴ്സ്. ബൈബിൾ ക്വിസിനുള്ള വിഷയങ്ങൾ: (ജൂനിയേഴ്സ് & സീനിയേഴ്സ്) 1 സാമുവൽ, വി. യോഹന്നാന്റെ സുവിശേഷം, ഗലാത്തിയ ലേഖനം.

N B : ബൈബിൾ കലോത്സവത്തെ സംബന്ധിച്ച് വിശദമായ മാനദണ്ഡങ്ങളും നിർദേശങ്ങളും ജൂലൈ മാസത്തെ *എറണാകുളം മിസ്സ*ത്തിൽ നൽകുന്നതാണ്. ബൈബിൾ കലോത്സവത്തിന്റെ വിജയത്തിന് ബഹുമാനപ്പെട്ട അച്ചന്മാരുടെ പൂർണ്ണസഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

# ഇവാഞ്ചലൈസേഷൻ ഡിപ്പാർട്ടുമെന്റ്

## KINDLE- Teachers' Empowerment Programme

പുതിയ അധ്യയന വർഷത്തിൽ നിറഞ്ഞ പ്രതീക്ഷകളോടെ വിദ്യാലയങ്ങളിലേക്ക് എത്തുന്ന നമ്മുടെ വിദ്യാർഥികളെ ഏറ്റവും നല്ല രീതിയിൽ സ്വീകരിച്ച് അവരുടെ ബൗദ്ധിക വളർച്ചയോടൊപ്പം ശരിയായ വ്യക്തിത്വരൂപവൽക്കരണത്തിനും ഉതകുന്ന വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം നേടാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ അതിരൂപത ഇവാഞ്ചലൈസേഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓറിയന്റേഷൻ ക്ലാസ്സും തുടർന്ന് ആരാധനയും - KINDLE- Setting the Spark for a New Academic Year - സ്കൂളുകളിൽ സംഘടിപ്പിക്കുന്നു.

പ്രോഗ്രാം നടത്തുന്ന തീയതികൾ

- മെയ് 25 : മേരിമാതാ പബ്ലിക് സ്കൂൾ, തൃക്കാക്കര
- മെയ് 28 : കാർഡിനൽ സ്കൂൾ, തൃക്കാക്കര
- മെയ് 29 : മേരിമാതാ പബ്ലിക് സ്കൂൾ, തൃക്കാക്കര
- ജൂൺ 8 : നൈപുണ്യ കോളേജ്, ചേർത്തല

**I Cloud - Integrity Cloud - School Retreat Programme**
(Integrity - Compassionate, Loving and Obedient Upbringing in Discipline)

വിദ്യാഭ്യാസത്തോടൊപ്പം നമ്മുടെ കുട്ടികൾ ദൈവവിശ്വാസത്തിലൂന്നിയ വ്യക്തിജീവിതവും ഉയർന്ന മൂല്യങ്ങളും കൈവരിക്കണമെന്ന ഉദ്ദേശത്തോടെ കുട്ടികൾക്കായി ഒരുക്കുന്ന ത്രിദിന കാര്യപരിപാടി – 'I Cloud', നമ്മുടെ സ്കൂളുകളിൽ സംഘടിപ്പിക്കുന്നു. ഓരോ കുട്ടിയ്ക്കും തങ്ങളുടെ വ്യക്തിപരമായ കരുത്തും കഴിവുകളും കണ്ടെത്താനുള്ള അവസരം നൽകി, പരസ്പര സ്നേഹത്തോടും സഹഭാവത്തോടും കൂടി പരസ്പരം അംഗീകരിച്ച്, കൂട്ടായ വിജയം നേടുവാൻ അവരെ പ്രാപ്തരാക്കുന്നതോടൊപ്പം സോഷ്യൽ മീഡിയയിലും മറ്റ് ഡിജിറ്റൽ ഉപകരണങ്ങളിലുമുള്ള സ്ക്രീൻ ടൈം കുറച്ച്, പ്രകൃതിയോടും സഹജീവികളോടും കൂടുതൽ ഇണങ്ങി, മാനസിക സമ്മർദം നിയന്ത്രിക്കാനും ആരോഗ്യകരമായ പഠന – ജീവിത സമനില കൈവരിക്കാനും അവരെ സഹായിക്കുന്നു.

**ഉണർവ് 2026 – തിരുനാൾ ഒരുക്കധ്യാനം**
നമ്മുടെ ഇടവകകളിലെ ആനന്ദത്തിന്റെയും അനുഗ്രഹത്തിന്റെയും അവസരങ്ങളായ തിരുനാളുകൾ കൂടുതൽ ആത്മീയ ഉണർവുള്ളതും അനുഗ്രഹപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടുകൂടി തിരുനാൾ ഒരുക്കധ്യാനം 'ഉണർവ് 2026' ഏപ്രിൽ 17, 18, 19 തീയതികളിൽ ചൊവ്വര സെന്റ് മേരീസ് ഇടവകയിൽ നടത്തി.

**ഫാ. റിജു ആന്റണി വെളിയിൽ**
**ഡയറക്ടർ**

---

# അതിരൂപതാ ഡയറി

**ഏപ്രിൽ 2026**

30 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നടന്ന ഡീക്കൻ പട്ടത്തിനും ചെറുപട്ടങ്ങൾക്കും വൈദികവസ്ത്ര സ്വീകരണത്തിനും മുഖ്യകാർമികത്വം വഹിച്ചു.

**മെയ് 2026**

7 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് മേജർ ആർച്ചുബിഷപ്പ്സ് ഹൗസിൽ, അതിരൂപതാ മൈനർ സെമിനാരിയിൽ ചേരാനാഗ്രഹിക്കുന്ന കുട്ടികളുമായി അഭിമുഖം നടത്തി.

11 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് വാതക്കാട് ദൈവദാൻ മഠത്തിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

12 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ നടന്ന അതിരൂപതാ പ്രസ്ബിത്തേരിയത്തിൽ സംബന്ധിച്ചു.

വൈകിട്ട് കാക്കനാട് സി.എം.ഐ. ജനറലേറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

16 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് മഞ്ഞപ്ര ഹോളി ക്രോസ്സ് ഫൊറോനാ പള്ളിയുടെ 625-മത് ജൂബിലി സമ്മേളനത്തിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു.

17 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ്, പുനർനിർമ്മിച്ച മരട് വിശുദ്ധ ജാന്നാ പള്ളി സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

19 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് എളവൂരിൽ ബ. ജോർജ് നെല്ലിശ്ശേരി അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ സമാപന കർമ്മത്തിന് കാർമികത്വം വഹിച്ചു.

22 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിക്കാരുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് വിശുദ്ധ കുർബാന അർപ്പിച്ചു.

23 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് കലൂർ റിന്യൂവൽ സെന്ററിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു.

ചിറ്റൂർ സ്നേഹശുശ്രൂഷാലയം ധ്യാനകേന്ദ്രത്തിൽ നടന്ന ഗ്രാന്റ് എബൈഡ് ധ്യാനം ഉദ്ഘാടനം ചെയ്തു.

24 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് ചുണങ്ങംവേലി എസ്.ഡി. സിസ്റ്റേഴ്സിന്റെ പ്രൊവിൻഷ്യൽ ഹൗസിലെ നവീകരിച്ച ചാപ്പൽ വെഞ്ചരിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് കലൂർ റിന്യൂവൽ സെന്ററിൽ വിശ്വാസപരിശീലന വർഷത്തിന്റെ (2026-27) ഉദ്ഘാടനം നിർവഹിച്ചു.

25 അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് ചിറ്റൂർ സ്നേഹശുശ്രൂഷാലയം ധ്യാനകേന്ദ്രത്തിൽ നടന്ന ഗ്രാന്റ് എബൈഡ് ധ്യാനത്തിൽ വചന സന്ദേശം നൽകി.

28 അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് മേജർ ആർച്ചുബിഷപ്പ്സ് ഹൗസിൽ പ്രൊവിഷ്യൽ സുപ്പീരിയർമാരുടെ യോഗത്തിൽ പങ്കെടുത്തു.

അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവ് എളവൂരിൽ ഫ്രാൻസിസ്കൻ കപ്പൂച്ചിൻ സെന്റ് തോമസ് പ്രൊവിൻസ് പുതുതായി സ്ഥാപിച്ച 'സാന്താ മരിയ സ്പിരിചൽ സെന്റ്'റിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

* * * * *






"യുവാക്കളേ, നിങ്ങൾ ശക്തരാണ്. ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു;
നിങ്ങൾ ദുഷ്ടനെ ജയിക്കുകയും ചെയ്തിരിക്കുന്നു."
(1 യോഹന്നാൻ 2 : 14)
Ernakulam
Chittoor Retreat Centre
Snehasusrushalayam
യുവജന ധ്യാനം
എബൈഡ്
യുവജന ധ്യാനത്തിന്റെ
100 -ാമത് ആഘോഷം
2026 MAY
23 - 28
Sat (9 am) | Thu (8 am)
GRAND ABIDE 4

RNI No. 3421/57
Date of Publication: 01-06-2026
Registered: KL/EKM/748/2025-27
Annual Subscription ₹ 150
Per Copy ₹ 15
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN
ERNAKULAM MISSAM

## കുടുംബ പ്രതിഷ്ഠാ ജപം / തിരുഹൃദയ പ്രതിഷ്ഠാ ജപം

ഈശോയുടെ തിരുഹൃദയമേ, ഈ കുടുംബത്തെയും, ഞങ്ങളെ ഓരോരുത്തരേയും ഞങ്ങൾ അങ്ങേക്ക് പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ അങ്ങ് രാജാവായി വാഴേണമേ. ഞങ്ങളുടെ പ്രവർത്തികളെല്ലാം അങ്ങ് തന്നെ നിയന്ത്രിക്കേണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവദിക്കയും, ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കയും, സങ്കടങ്ങളിൽ ആശ്വാസം നല്കുകയും ചെയ്യേണമേ. ഞങ്ങളിൽ ആരെങ്കിലും അങ്ങയെ ഉപദ്രവിക്കാൻ ഇടയായാൽ, ഞങ്ങളോടു ക്ഷമിക്കേണമേ. ഈ കുടുംബത്തിലുള്ളവരെയും, ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും, സമൃദ്ധമായി അനുഗ്രഹിക്കേണമേ. ഞങ്ങളുടെ മരിച്ചുപോയ കുടുംബാംഗങ്ങളെ നിത്യഭാഗ്യത്തിലേക്ക് പ്രവേശിപ്പിക്കേണമേ. ആത്മീയവും ശാരീരികവുമായ എല്ലാ വിപത്തുകളിലും നിന്ന്, ഞങ്ങളെ കാത്തുകൊള്ളേണമേ. സ്വർഗ്ഗത്തിൽ അങ്ങയെ കണ്ടാനന്ദിക്കുവാൻ ഞങ്ങൾക്കെല്ലാവർക്കും അനുഗ്രഹം നൽകണമേ. മറിയത്തിന്റെ വിമല ഹൃദയവും, മാർ യൗസേപ്പ് പിതാവും, ഞങ്ങളുടെ പ്രതിഷ്ഠയെ അങ്ങേക്ക് സമർപ്പിക്കുകയും ജീവിതകാലം മുഴുവനും ഇതിന്റെ സജീവസ്മരണ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

**ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.**

**മറിയത്തിന്റെ വിമല ഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.**

**വിശുദ്ധ യൗസേപ്പ് പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.**

**വിശുദ്ധ മാർഗരീത്തമറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.**

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org